# വാർഷികഭരണ റിപ്പോർട്ട്
# 2025 - 2026

കേരള സംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി

# കേരള സംസ്ഥാന
# സാക്ഷരതാമിഷൻ അതോറിറ്റി
# തിരുവനന്തപുരം

# വാർഷികഭരണ റിപ്പോർട്ട്

# 2025-26

# ഉള്ളടക്കം


| ക്രമ നമ്പർ | അധ്യായങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | ജില്ല തിരിച്ചുള്ള സാക്ഷരതാനിരക്ക് | 5 |
| 2 | സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി രൂപീകരണം | 6 |
| 3 | സംസ്ഥാന ഓഫീസ്  ഘടന | 7 |
| 4 | സംഘടനാ സംവിധാനം | 8-14 |
| 5 | വിദ്യാകേന്ദ്രങ്ങൾ, പ്രേരക്മാർ | 14-15 |
| 6 | മാനവ വിഭവശേഷി | 15-16 |
| 7 | മോണിറ്ററിങ് സമ്പ്രദായം<br>• വെബ്സൈറ്റ്<br>• സോഫ്റ്റ്‌വെയർ<br>• ഫേസ്ബുക്<br>• യൂട്യൂബ്<br>• ഇൻസ്റ്റാഗ്രാം | 16-18 |
| 8 | മിഷന്റെ പ്രധാന പരിപാടികൾ<br>• തുല്യതാകോഴ്സുകൾ<br>• പദ്ധതികൾ<br>• സർട്ടിഫിക്കറ്റ് കോഴ്സുകൾ | 19-31 |
| 9 | നൂതന പദ്ധതികൾ | 32-36 |
| 10 | സംസ്ഥാന സാക്ഷരതാമിഷൻ 2025-26 ൽ സംഘടിപ്പിച്ച പരിപാടികൾ | 37-38 |
| 11 | റിപ്പോർട്ടുകൾ, പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ | 39 |
| 12 | വിവരാവകാശനിയമം | 40 |
| 13 | അക്കൗണ്ട്സ് വിവരങ്ങൾ | 41-44 |

# കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## ജില്ല തിരിച്ചുള്ള സാക്ഷരതാനിരക്ക്

(ആൺ – പെൺ തിരിച്ച്)

| കോഡ് | സംസ്ഥാനം/ജില്ല | സാക്ഷരതാശതമാനം | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|---|---|
| | | 2011 | 2011 | 2011 |
| | **കേരളം** | **93.91** | **96.02** | **91.98** |
| 01. | തിരുവനന്തപുരം | 92.66 | 94.60 | 90.89 |
| 02. | കൊല്ലം | 93.77 | 95.83 | 91.95 |
| 03. | പത്തനംതിട്ട | 96.93 | 97.70 | 96.26 |
| 04. | ആലപ്പുഴ | 96.26 | 97.90 | 94.80 |
| 05. | കോട്ടയം | 96.40 | 97.17 | 95.67 |
| 06. | ഇടുക്കി | 92.20 | 94.84 | 89.59 |
| 07. | എറണാകുളം | 95.68 | 97.14 | 94.27 |
| 08. | തൃശൂർ | 95.32 | 96.98 | 93.85 |
| 09. | പാലക്കാട് | 88.49 | 92.27 | 84.99 |
| 10. | മലപ്പുറം | 93.55 | 95.78 | 91.55 |
| 11. | കോഴിക്കോട് | 95.24 | 97.57 | 93.16 |
| 12. | വയനാട് | 89.32 | 92.84 | 85.94 |
| 13. | കണ്ണൂർ | 95.41 | 97.54 | 93.57 |
| 14. | കാസറഗോഡ് | 89.85 | 93.93 | 86.13 |

*2011ലെ സെൻസസ് അനുസരിച്ച്.


# അധ്യായം 1
# സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
# രൂപീകരണം

കേരളത്തിൽ തുടർവിദ്യാഭ്യാസപദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവ് G.O.(MS) No. 163/97/Gl. Edn. dated 08.05.1997 പ്രകാരവും സർക്കാർ ഉത്തരവ് G.O.(MS) No. 332/97/Gl. Edn. dated 22.08.1997 പ്രകാരവും സാക്ഷരതാമിഷൻ അതോറിറ്റി എന്ന പേരിൽ കേരളാ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സ്ഥാപനം അതിന്റെ അംഗീകൃതമായ നിയമാവലിക്കും കേരളസർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചുമാണ് പ്രവർത്തിച്ചു വന്നിരുന്നത്.




കേരളസർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ **22-09-2023**നു പുറത്തിറക്കിയ സ.ഉ.(കൈ) നം.**140/2023/GEDN** ഉത്തരവ് പ്രകാരം കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സാക്ഷരതാപ്രേരക്മാരും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായി. മിഷന്റെ തനത്ഫണ്ടുപയോഗിച്ച് സാക്ഷരതാമിഷൻ നടത്തുന്ന കോഴ്സുകളുടേയും പരീക്ഷകളുടേയും അക്കാദമിക് ചുമതല പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലനിർത്തിയിട്ടുണ്ട്.

# സംസ്ഥാന ഓഫീസ് ഘടന


ഡയറക്ടർ
ഫിനാൻസ് ഓഫീസർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അസി.ഡയറക്ടർ (പ്രോജക്ട്)
അസി.ഡയറക്ടർ (അക്കാദമിക്)
മോണിറ്ററിങ് & പ്രോജക്ട് സെക്ഷൻ
പി1, പി2, പി3, പി4, പി5
അക്കൗണ്ട്സ് & അഡ്മിനിസ്ട്രേഷൻ സെക്ഷൻ
എ1, എ2, എ3, എ4, എ5, എ6, എ7, എ8, എ10
തുല്യതാ സെക്ഷൻ
ഇ1, ഇ2
തപാൽ
അസി. എഡിറ്റർ
ജില്ലാ ഓഫീസ് ഘടന
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
അസി. പ്രോജക്ട് കോ-ഓർഡിനേറ്റർ
പ്രേരക്മാർ/NCEC അസി. പ്രേരക്മാർ
ജില്ലാ ജീവനക്കാർ
പ്രേരക്മാർ/CEC അസി. പ്രേരക്മാർ

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- നേടിയെടുത്ത സാക്ഷരത തുടർപഠനത്തിലൂടെ വികസിപ്പിക്കുക.
- താൽപ്പര്യമുള്ള ഏതൊരാൾക്കും പഠിക്കാനുള്ള അവസരമൊരുക്കുക.
- നേടിയ അറിവ് ജീവിതത്തിൽ പ്രയോഗിക്കാനുള്ള ശേഷി വളർത്തുക.
- സർക്കാരിന്റെ വികസന-ക്ഷേമപദ്ധതികളെക്കുറിച്ച് അറിവ് നൽകുക.
- സാമൂഹിക പ്രശ്നങ്ങളെ വിമർശനപരമായി വിലയിരുത്താനുള്ള അവബോധം വികസിപ്പിക്കുക.
- സാമൂഹിക വികസനപ്രക്രിയയിൽ സക്രിയമായി ഇടപെടുന്നതിനുള്ള കഴിവ് വളർത്തുക.
- സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ വികസന, ക്ഷേമപ്രവർത്തനങ്ങളിൽ സജീവപങ്കാളികളാക്കി അവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുക.
- കേരളത്തിലെ മുഴുവൻ ആളുകൾക്കും പടിപടിയായി സെക്കൻഡറി വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- സമഗ്രമായ തൊഴിൽ നൈപുണി വികസനപദ്ധതി നടപ്പിലാക്കുക.
- കേരളത്തിന്റെ തനതായ പൗരവിദ്യാഭ്യാസപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- തുല്യതാപദ്ധതി വിപുലപ്പെടുത്തി ജനകീയമാക്കുക.
- കേരളത്തെ സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസ സംസ്ഥാനമാക്കുന്നതിനുള്ള ശ്രമം നടത്തുക.

## സംഘടനാ സംവിധാനം

ദേശീയതലത്തിൽ സാക്ഷരതാനിരക്കിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനമാണ് കേരളം. 2011 ലെ കാനേഷുമാരി കണക്ക് പ്രകാരം കേരളത്തിലെ സാക്ഷരതാനിരക്ക് 94 ശതമാനമാണ്. കേരളത്തിലെ പുരുഷൻമാരുടെ സാക്ഷരതാനിരക്ക് 96.02 ശതമാനവും സ്ത്രീകളുടേത് 91.98 ശതമാനവുമാണ്. 2011 ശേഷം കാനേഷുമാരി സർവേകൾ നടക്കാതിരുന്നതിനാൽ നിലവിലെ ഔദ്യോഗികമായ കണക്കുകൾ ലഭ്യമല്ല. എന്നാൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ സർവേയുടെ കണക്കുകൾ പ്രകാരം 96.2 ശതമാനമാണ് നിലവിലെ സാക്ഷരതാനിരക്ക്. കേരളം സാക്ഷരതാനിരക്കിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാമതായി തുടരുകയും ചെയ്യുന്നു.

ദേശീയ സാക്ഷരതാമിഷന്റെ മാർഗ്ഗരേഖയനുസരിച്ചാണ് സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി സ്ഥാപിച്ചിട്ടുള്ളതെങ്കിലും ദേശീയതലത്തിൽ നിന്നും വ്യത്യസ്തമായ ഒരു സംഘടനാസംവിധാനമാണ് കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്കുള്ളത്. അധികാര വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാനതലം മുതൽ ഗ്രാമപഞ്ചായത്ത് വരെയുള്ള ജനകീയഭരണത്തലവൻമാരാണ് വിവിധതലങ്ങളിലുള്ള സാക്ഷരതാസമിതികൾക്ക് നേതൃത്വം നൽകുന്നത്.

| | | |
|---|---|---|
| ജനറൽ കൗൺസിൽ | ചെയർമാൻ | മുഖ്യമന്ത്രി |
| എക്സിക്യൂട്ടീവ് കമ്മിറ്റി | ചെയർമാൻ | വകുപ്പ് മന്ത്രി |
| ജില്ലാ സാക്ഷരതാസമിതി | ചെയർമാൻ | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് |
| ബ്ലോക്ക് സാക്ഷരതാസമിതി | ചെയർമാൻ | പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് |
| കോർപറേഷൻ സാക്ഷരതാസമിതി | ചെയർമാൻ | മേയർ |
| മുനിസിപ്പൽ സാക്ഷരതാസമിതി | ചെയർമാൻ | ചെയർമാൻ, മുനിസിപ്പാലിറ്റി |
| ഗ്രാമപഞ്ചായത്ത് സാക്ഷരതാസമിതി ചെയർമാൻ | പ്രസിഡന്റ് | ഗ്രാമപഞ്ചായത്ത് |
| വാർഡ് സമിതി | ചെയർമാൻ | വാർഡ് മെമ്പർ |

**ജനറൽ കൗൺസിൽ**

20.02.2021 ലെ സ.ഉ (സാധാ)നം.1814/2021/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിലെ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചിരുന്നു. ജനറൽ കൗൺസിലിന്റെ കാലാവധി 20-02-2023 ൽ അവസാനിച്ച സാഹചര്യത്തിൽ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്. ജനറൽ കൗൺസിൽ പുനഃ സംഘടിപ്പിച്ച് സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് കൗൺസിൽ പ്രാബല്യത്തിൽ വരുന്നതാണ്.

**എക്സിക്യൂട്ടീവ് കമ്മിറ്റി**

23.02.2021 ലെ പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് സ.ഉ.(സാധാ)നം. 1887/2021/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി 22.02.2024 അവസാനിച്ച സാഹചര്യത്തിൽ പുനഃസംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി പുനഃ സംഘടിപ്പിച്ച് സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് കമ്മിറ്റി പ്രാബല്യത്തിൽ വരുന്നതാണ്.`

**I. ജില്ലാ സാക്ഷരതാമിഷൻ (ഡി.എൽ.എം.) - 14 ജില്ലകളിൽ**

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് : ചെയർമാൻ
2. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് : വൈസ് ചെയർമാൻ
3. ജില്ലാ കലക്ടർ : ചീഫ് കോ-ഓർഡിനേറ്റർ
4. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് (സാമ്പത്തികം & ഭരണം) : കോ-ഓർഡിനേറ്റർ
5. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ (ഡി.എൽ.എം.) : കൺവീനർ

**അംഗങ്ങൾ**

6. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ (4)
    1) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി.
    2) വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി
    3) പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി
    4) ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി
7. സാക്ഷരതാമിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം/അംഗങ്ങൾ (അതതു ജില്ലയെ പ്രതിനിധീകരിക്കുന്ന വ്യക്തികൾ)
8. സിറ്റി കോർപറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ
9. മുനിസിപ്പൽ ചെയർമാൻ (1)
10. ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് (1)
11. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് (2)
12. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ സംഘടനയുടെ സെക്രട്ടറിയും പ്രസിഡന്റും
13. രജിസ്റ്റർ ചെയ്ത സന്നദ്ധസംഘടനാ പ്രതിനിധികൾ (2)
14. പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ മഹിളാ സമാജം യൂണിയൻ
15. അറിയപ്പെടുന്ന സാമൂഹ്യ പ്രവർത്തകർ (2)
16. ജില്ലാ ലൈബ്രറി കൗൺസിൽ പ്രതിനിധി (1)
17. പ്രമുഖ സാക്ഷരതാ പ്രവർത്തകർ (2)
18. ഡയറക്ടർ, ജൻശിക്ഷക് സൻസ്ഥാൻ
19. ജില്ലാ കോ-ഓർഡിനേറ്റർ, സർവ്വശിക്ഷാ അഭിയാൻ
20. ഡയറ്റിലെ പ്രിൻസിപ്പാൾ/അഡൽട്ട് എഡ്യൂക്കേഷന്റെ ചുമതലയുള്ള സീനിയർ ലക്ചറർ
21. കോളേജ് പ്രിൻസിപ്പാൾ (1)
22. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
23. ജില്ലാ പ്ലാനിംങ് ഓഫീസർ
24. ജില്ലാ ഇൻഫർമേഷൻ ഓഫീസർ
25. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
26. ഡെപ്യൂട്ടി ഡയറക്ടർ, കൃഷിവകുപ്പ്
27. മാനേജർ, ജില്ലാ വ്യവസായ വകുപ്പ്
28. ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

ചെയർമാന്റെ അനുവാദത്തോടെ ജില്ലാ സാക്ഷരതാമിഷൻ യോഗം വിളിച്ചുകൂട്ടേണ്ട ചുമതല കൺവീനർക്കാണ്. (മേൽപ്പറഞ്ഞ അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ സാക്ഷരതാമിഷൻ രൂപീകരിക്കേണ്ട ചുമതല ജില്ലാപഞ്ചായത്ത് കമ്മിറ്റിക്കാണ്.)

**II. കോർപറേഷൻ സാക്ഷരതാമിഷൻ (സി.എൽ.എം.)**

| | | | |
|---|---|---|---|
| 1. | മേയർ | : | ചെയർമാൻ |
| 2. | ഡെപ്യൂട്ടി മേയർ | : | വൈസ് ചെയർമാൻ |
| 3. | സെക്രട്ടറി, കോർപറേഷൻ (സാമ്പത്തികം & ഭരണം) | : | കോ-ഓർഡിനേറ്റർ |

4. വികസന വിദ്യാകേന്ദ്രം പ്രേരക് : കൺവീനർ

**അംഗങ്ങൾ**

5 സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ (4)

1) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി
2) വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി
3) പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി
4) ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി

6. ഹെൽത്ത് ഓഫീസർ
7. കോർപറേഷൻ എജ്യൂക്കേഷൻ കമ്മിറ്റി
8. കോളേജ് പ്രിൻസിപ്പാൾ
9. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ, കോളേജ് (1)
10. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ (1)
11. പ്രമുഖ സാമൂഹ്യപ്രവർത്തകർ (2)
12. പ്രമുഖ വിദ്യാഭ്യാസപ്രവർത്തകൻ (1)
13. പ്രമുഖ സാക്ഷരതാപ്രവർത്തകർ (2)
14. ലൈബ്രറി കൗൺസിൽ പ്രതിനിധി (1)
15. മഹിളാ സമാജം പ്രതിനിധി (1)
16. പ്രോജക്ട് കോ-ഓർഡിനേറ്റർ, ജില്ലാ സാക്ഷരതാമിഷൻ
17. വികസനവിദ്യാകേന്ദ്രം, തുടർവിദ്യാകേന്ദ്രം പ്രേരക്മാർ

കൺവീനറായി വികസനവിദ്യാകേന്ദ്രം പ്രേരക്മാരിൽ ഒരാളെ മേയർക്ക് നിയോഗിക്കാവുന്നതാണ്. ചെയർമാന്റെ അനുവാദത്തോടെ സാക്ഷരതാമിഷൻ യോഗം വിളിച്ചുകൂട്ടേണ്ട ചുമതല കൺവീനർക്കാണ്. (മേൽപ്പറഞ്ഞ അംഗങ്ങളെ ഉൾപ്പെടുത്തി കോർപ്പറേഷൻ സാക്ഷരതാമിഷൻ രൂപീകരിക്കേണ്ട ചുമതല കോർപ്പറേഷൻ കൗൺസിലിനാണ്.)

**III. കോർപറേഷൻ വാർഡ് സാക്ഷരതാസമിതി (സിഡബ്ല്യൂഎസ്എസ്)**

(തുടർ വിദ്യാകേന്ദ്രം ആരംഭിക്കുന്ന വാർഡുകളിൽ മാത്രം ഈ സമിതി സ്ഥാപിച്ചാൽ മതി)

1. ചെയർമാൻ -വാർഡ് കൗൺസിലർ
2. കൺവീനർ -തുടർവിദ്യാകേന്ദ്രം പ്രേരക്
3. **അംഗങ്ങൾ**

1 വാർഡ് പരിധിയിലെ വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകർ
2 വാർഡിലെ പ്രമുഖ സാമൂഹിക പ്രവർത്തകർ (2)
3 പ്രമുഖ സന്നദ്ധസംഘടനാ പ്രതിനിധികൾ (2)
4 മഹിളാ സമാജം പ്രതിനിധികൾ (2)
5 കുടുംബശ്രീ പ്രതിനിധി (1)
6 പ്രമുഖ സാക്ഷരതാ പ്രവർത്തകർ
7 വാർഡിലെ വായനശാലാ പ്രതിനിധി

(ചെയർമാന്റെ അനുവാദത്തോടെ സാക്ഷരതാസമിതി യോഗം വിളിച്ചുകൂട്ടേണ്ട ചുമതല കൺവീനർക്കാണ്)

## IV. മുനിസിപ്പൽ സാക്ഷരതാമിഷൻ (എംഎൽഎം.)

1. മുനിസിപ്പൽ ചെയർമാൻ : ചെയർമാൻ
2. മുനിസിപ്പൽ വൈസ് ചെയർമാൻ : വൈസ് ചെയർമാൻ
3. സെക്രട്ടറി, മുനിസിപ്പാലിറ്റി (സാമ്പത്തികം & ഭരണം) : കോ-ഓർഡിനേറ്റർ
4. വികസന വിദ്യാകേന്ദ്രം പ്രേരക് : കൺവീനർ

**അംഗങ്ങൾ**

5. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ (4)
    1. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി
    2. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി
    3. പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി
    4. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി
6. മുനിസിപ്പൽ എഡ്യൂക്കേഷൻ കമ്മിറ്റി ചെയർമാൻ
7. ഹൈസ്കൂൾ പ്രധാനാധ്യാപകർ (1)
8. പ്രമുഖ സാമൂഹികപ്രവർത്തകർ (2)
9. പ്രമുഖ വിദ്യാഭ്യാസപ്രവർത്തകർ (1)
10. കൃഷി ഓഫീസർ (1)
11. ഹെൽത്ത് ഇൻസ്പെക്ടർ (1)
12. പ്രമുഖ സാക്ഷരതാപ്രവർത്തകർ (2)
13. മഹിളാ സമാജം പ്രതിനിധി (1)
14. ലൈബ്രറി കൗൺസിൽ പ്രതിനിധി (1)
15. വികസനവിദ്യാകേന്ദ്രം/തുടർവിദ്യാകേന്ദ്രം പ്രേരക്മാർ

വികസന വിദ്യാകേന്ദ്രം പ്രേരക്മാരിൽ ഒരാളെ മുൻസിപ്പൽ സാക്ഷരതാമിഷന്റെ കൺവീനറായി മുൻസിപ്പൽ ചെയർമാന് നിയോഗിക്കാവുന്നതാണ്. ചെയർമാന്റെ അനുവാദത്തോടെ മുൻസിപ്പൽ സാക്ഷരതാമിഷൻ യോഗം വിളിച്ചുകൂട്ടേണ്ട ചുമതല കൺവീനർക്കാണ്. (മേൽപ്പറഞ്ഞ അംഗങ്ങളെ ഉൾപ്പെടുത്തി മുനിസിപ്പൽ സാക്ഷരതാമിഷൻ രൂപീകരിക്കേണ്ട ചുമതല മുനിസിപ്പൽ കൗൺസിലിനാണ്.)

## V. മുനിസിപ്പൽ വാർഡ് സാക്ഷരതാ മിഷൻ ( എംഡബ്ല്യൂഎസ്എസ്)

(തുടർവിദ്യാകേന്ദ്രം ആരംഭിക്കുന്ന വാർഡുകളിൽ മാത്രം ഈ സമിതി രൂപീകരിച്ചാൽ മതി)

1. ചെയർമാൻ - വാർഡ് കൗൺസിലർ
2. കൺവീനർ - തുടർ വിദ്യാകേന്ദ്രം പ്രേരക്
3. **അംഗങ്ങൾ**
    1 വാർഡ് പരിധിയിലെ വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകർ
    2 വാർഡിലെ പ്രമുഖ സാമൂഹികപ്രവർത്തകർ (2)
    3 പ്രമുഖ സാക്ഷരതാപ്രവർത്തകർ (2)
    4 പ്രമുഖ സന്നദ്ധസംഘടനാ പ്രതിനിധികൾ (2)
    5 മഹിളാസമാജം പ്രതിനിധികൾ (2)

6 കുടുംബശ്രീ പ്രതിനിധി (1)

7 വാർഡിലെ വായനശാലാ പ്രതിനിധി

ചെയർമാന്റെ അനുവാദത്തോടെ വാർഡ് സാക്ഷരതാസമിതി വിളിച്ചുകൂട്ടേണ്ടത് കൺവീനറാണ്.

## VI. ഗ്രാമപഞ്ചായത്ത് സാക്ഷരതാമിഷൻ (ജി.പി.എൽ.എം.)

| | |
|---|---|
| 1. ചെയർമാൻ | : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| 2. വൈസ് ചെയർമാൻ | : ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് |
| 3. കോ-ഓർഡിനേറ്റർ | : ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഫൈനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ) |
| 4 കൺവീനർ | : വിദ്യാകേന്ദ്രം പ്രേരക് |

**അംഗങ്ങൾ**

5.സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

1. വികസന സ്റ്റാൻഡിങ് കമ്മിറ്റി
2. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി

6. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മെമ്പർ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ
7. ചെയർമാൻ, വില്ലേജ് എജ്യൂക്കേഷൻ കമ്മിറ്റി
8. സന്നദ്ധ സംഘടനാപ്രതിനിധികൾ (2)
9. പ്രമുഖ സാക്ഷരതാപ്രവർത്തകർ (2)
10. മഹിളാ സമാജം പ്രതിനിധികൾ (2)
11. കൃഷി ഓഫീസർ (1)
12. മൃഗസംരക്ഷണവകുപ്പ് പ്രതിനിധി (1)
13. ഹെഡ്മാസ്റ്റർ (1)
14. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
15. ലൈബ്രറി കൗൺസിൽ പ്രതിനിധി
16. വിദ്യാകേന്ദ്രം പ്രേരക്മാർ
17. ഹെൽത്ത് ഇൻസ്പെക്ടർ

തുടർവിദ്യാകേന്ദ്രം പ്രേരക്മാരിൽ ഒരാളെ ഗ്രാമപഞ്ചായത്ത് സാക്ഷരതാമിഷൻ കൺവീനറായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നിയോഗിക്കാവുന്നതാണ്. ചെയർമാന്റെ അനുവാദത്തോടെ സാക്ഷരതാമിഷൻ യോഗം വിളിച്ചുകൂട്ടേണ്ട ചുമതല കൺവീനർക്കാണ്. (മേൽപ്പറഞ്ഞ അംഗങ്ങളെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സാക്ഷരതാമിഷൻ രൂപീകരിക്കേണ്ട ചുമതല ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കാണ്.)

## VII. ഗ്രാമപഞ്ചായത്ത് വാർഡ് സാക്ഷരതാസമിതി (ജിപിഡബ്ള്യുഎസ്എസ്)

(തുടർവിദ്യാകേന്ദ്രം ആരംഭിക്കുന്ന വാർഡുകളിൽ മാത്രം ഈ സമിതി സ്ഥാപിച്ചാൽ മതി)

| | |
|---|---|
| 1. ചെയർമാൻ | : വാർഡ് മെമ്പർ |
| 2. കൺവീനർ | : വിദ്യാകേന്ദ്രം പ്രേരക് |

**അംഗങ്ങൾ (ചെയർമാൻ നിർദ്ദേശിക്കുന്നത്)**

1. വാർഡ് പരിധിയിലെ ഒരു സ്കൂൾ ഹെഡ്മാസ്റ്റർ
2. വാർഡിലെ പ്രമുഖ സാമൂഹിക പ്രവർത്തകർ (2)
3. പ്രമുഖ സന്നദ്ധസംഘടനാ പ്രതിനിധികൾ (2)
4. മഹിളാ സമാജം പ്രതിനിധികൾ (2)
5. കുടുംബശ്രീ പ്രതിനിധി (1)
6. പ്രമുഖ സാക്ഷരതാപ്രവർത്തകർ (2)
7. അംഗൻവാടി വർക്കർ
8. വാർഡിലെ വായനശാലാ പ്രതിനിധി

ചെയർമാന്റെ അനുവാദത്തോടെ വാർഡ് സാക്ഷരതാസമിതി വിളിച്ചുകൂട്ടേണ്ട ചുമതല കൺവീനർക്കാണ്.

## പ്രേരക്മാർ

**പ്രേരക്/അസി. പ്രേരക്മാരുടെ ജില്ലതിരിച്ചുള്ള കണക്ക്**

| ക്രമ നമ്പർ | ജില്ല | സ്ത്രീ | പുരുഷൻ | ടി ജി | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 109 | 6 | 0 | **115** |
| 2 | കൊല്ലം | 119 | 16 | 0 | **135** |
| 3 | പത്തനംതിട്ട | 66 | 13 | 0 | **79** |
| 4 | ആലപ്പുഴ | 92 | 12 | 0 | **104** |
| 5 | കോട്ടയം | 69 | 17 | 0 | **86** |
| 6 | ഇടുക്കി | 40 | 9 | 0 | **49** |
| 7 | എറണാകുളം | 101 | 9 | 0 | **110** |
| 8 | തൃശ്ശൂർ | 120 | 4 | 0 | **124** |
| 9 | പാലക്കാട് | 137 | 23 | 0 | **160** |
| 10 | മലപ്പുറം | 101 | 6 | 0 | **107** |
| 11 | കോഴിക്കോട് | 117 | 29 | 0 | **146** |
| 12 | വയനാട് | 44 | 4 | 0 | **48** |
| 13 | കണ്ണൂർ | 118 | 6 | 0 | **124** |
| 14 | കാസർഗോഡ് | 42 | 8 | 0 | **50** |
| | **ആകെ** | **1274** | **161** | 0 | **1435** |

തുടർവിദ്യാകേന്ദ്രങ്ങളുടെ ചുമതലക്കാരാണ് പ്രേരക്മാർ. 1365 പ്രേരക്മാരാണ് നിലവിൽ പ്രവർത്തിക്കുന്നത്. കേരളസർക്കാർ പൊതുവിദ്യാഭ്യാസവകുപ്പിന്റെ 22-09-2023നു പുറത്തിറക്കിയ സ.ഉ.(കൈ) നം.140/2023/GEDN ഉത്തരവ് പ്രകാരം കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സാക്ഷരതാപ്രേരക്മാരും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാകുകയും പ്രേരക്മാരെ തദ്ദേശസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിപ്പിക്കുകയും ചെയ്തു. പ്രേരക്മാരുടെ 100% ഓണറേറിയത്തിൽ 60% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 40% സാക്ഷരതാമിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്.

## മാനവ വിഭവശേഷി

2025-26 ൽ ഉണ്ടായിരുന്ന വിവിധ ശ്രേണിയിലുള്ള തസ്തികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

15.02.2021 ലെ GO(MS)No.59/2021 GEDN നമ്പർ ഉത്തരവ് പ്രകാരം വിവിധ തസ്തികകളിലായി 74 ജീവനക്കാരെ സ്ഥിരപ്പെടുത്തിയിരുന്നു. ഇവരിൽ 10 പേർ വിരമിച്ചതിനാൽ നിലവിൽ 64 പേരാണ് സ്ഥിരപ്പെട്ട ലിസ്റ്റ് പ്രകാരം സേവനത്തിലുള്ളത്.


| | **റീഎംപ്ലോയ്മെന്റ്** | | **ആകെ** |
|---|---|---|---|
| 1. | ഡയറക്ടർ | 1 | |
| | **ഡെപ്യൂട്ടേഷൻ** | | 3 |
| 1. | ഫിനാൻസ് ഓഫീസർ | 1 | |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | |
| | **സ്ഥിരം ജീവനക്കാർ** | | |
| 1. | ജില്ലാ കോ-ഓർഡിനേറ്റർ | 11 | |
| 2. | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ | 15 | |
| 3. | ഓഫീസ് അസിസ്റ്റന്റ്/ഓഫീസ് അസിസ്റ്റന്റ് കം കംമ്പ്യൂട്ടർ ഓപ്പറേറ്റർ/കംമ്പ്യൂട്ടർ ഓപ്പറേറ്റർ | 18 | 64 |
| 4. | ക്ലറിക്കൽ അസിസ്റ്റന്റ്/പ്യൂൺ | 9 | |
| 5. | സ്വീപ്പർ കം പ്യൂൺ | 7 | |
| 6. | പാർട്ട് ടൈം സ്വീപ്പർ | 2 | |
| 7. | ഡ്രൈവർ | 2 | |
| | **കരാർ ജീവനക്കാർ** | | |
| 1. | അസിസ്റ്റന്റ് ഡയറക്ടർ | 2 | |
| 2. | അസിസ്റ്റന്റ് എഡിറ്റർ | 1 | |
| 3. | ജില്ലാ കോ-ഓർഡിനേറ്റർ | 1 | |
| 4. | ഓഫീസ് അസിസ്റ്റന്റ്/ഓഫീസ് അസിസ്റ്റന്റ് കം കംമ്പ്യൂട്ടർ ഓപ്പറേറ്റർ/കംമ്പ്യൂട്ടർ ഓപ്പറേറ്റർ | 6 | 18 |
| 5. | ക്ലറിക്കൽ അസിസ്റ്റന്റ്/പ്യൂൺ | 5 | |
| 6. | സ്വീപ്പർ കം പ്യൂൺ | 3 | |


| | ദിവസവേതന ജീവനക്കാർ | | |
|---|---|---|---|
| 1. | അസി. കോ-ഓർഡിനേറ്റർ | 3 | 14 |
| 2. | ഓഫീസ് അസിസ്റ്റന്റ്/ ഓഫീസ് അസി. കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | 9 | |
| 3. | ഓഫീസ് അറ്റൻഡർ | 1 | |
| 4. | സ്വീപ്പർ | 1 | |
| | **ആകെ** | **99** | **99** |


ടി കാലയളവിൽ 60 വയസ്സ് പൂർത്തിയായ ഒരു ഓഫീസ് അസിസ്റ്റന്റ്, രണ്ട് ക്ലറിക്കൽ അസിസ്റ്റന്റ്മാർ എന്നിവർ വിരമിച്ചു. രണ്ട് അസി.എഡിറ്റർമാർ സേവനത്തിൽ നിന്നും വിടുതൽ ചെയ്തു. കരാർ അടിസ്ഥാനത്തിൽ ഒരു അസി.എഡിറ്റർ ജോലിയിൽ പ്രവേശിച്ചു.

## മോണിറ്ററിങ് സമ്പ്രദായം

ശാസ്ത്രീയവും ശക്തവുമായ ഒരു മോണിറ്ററിങ് സംവിധാനമാണ് സംസ്ഥാന സാക്ഷരതാമിഷൻ നടപ്പാക്കിവരുന്നത്. ഒരേസമയം ജനകീയ സ്വഭാവമുള്ള കാമ്പയിൻ പ്രവർത്തനങ്ങളും സർക്കാർ ഓഫീസിലെ പോലുള്ള പ്രവർത്തനങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന രീതിയാണ് സാക്ഷരതാമിഷന്റേത്. സവിശേഷമായ മോണിറ്ററിങ് സംവിധാനം സാക്ഷരതാമിഷൻ ആവിഷ്കരിക്കുകയുണ്ടായി. സാക്ഷരതാമിഷന്റെ സംഘടനാ സംവിധാനത്തിലെ ഏറ്റവും അടിസ്ഥാന ഘടകമായ വിദ്യാകേന്ദ്രങ്ങളുടെയും പ്രേരക്മാരുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ബ്ലോക്ക് തലത്തിലും തുടർന്ന് ജില്ലാതലത്തിലും എല്ലാമാസവും പ്രതിമാസ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തുവരുന്നു.






ജില്ലയിൽ ലഭിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സംസ്ഥാന സാക്ഷരതാമിഷനിലേക്ക് നൽകിവരുന്നു. ഇതോടൊപ്പം ജില്ലകളിൽ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പ്രേരക്മാരുടെ അവലോകന യോഗങ്ങളും നടന്നുവരുന്നു. പ്രതിമാസ അവലോകന യോഗങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരും സെക്രട്ടറിമാരും മറ്റ് ജനപ്രതിനിധികളും പങ്കെടുക്കാറുണ്ട്. സംസ്ഥാനതലത്തിൽ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാരുടെയും ത്രൈമാസ അവലോകന യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നു. ഇതോടൊപ്പം ജില്ലാ കോ-ഓർഡിനേറ്റർമാർ, അസി. കോ-ഓർഡിനേറ്റർമാർ വിദ്യാകേന്ദ്രങ്ങൾ നേരിട്ട് സന്ദർശിച്ച് മോണിറ്ററിങ് നടത്തിവരുന്നു. എൻസിഇസി പ്രേരക്മാർ ഓരോ മാസവും അവരുടെ കീഴിലുള്ള വിദ്യാകേന്ദ്രങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു. സംസ്ഥാന സാക്ഷരതാമിഷന്റെ ഉദ്യോഗസ്ഥർ, ഓരോ ജില്ലയുടെയും ചുമതലയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ എന്നിവർ ജില്ലാ ഓഫീസുകളും വിദ്യാകേന്ദ്രങ്ങളും സന്ദർശിച്ച് മാർഗനിർദ്ദേശങ്ങൾ നൽകാറുണ്ട്. തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഒരു ഇവാല്യുവേഷൻ കമ്മിറ്റി സംസ്ഥാന തലത്തിലുണ്ട്.

## വെബ്സൈറ്റ്

സാക്ഷരതാമിഷന്റെ മുഴുവൻ പ്രവർത്തനപരിപാടികളും അടിസ്ഥാന വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. കേരളസർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ സി-ഡിറ്റ് ആണ് സോഫ്റ്റ്വെയർ നിർമ്മിച്ച് നൽകിയത്. സാക്ഷരതാമിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങൾ, മാസിക, വാർത്താപത്രിക എന്നിവയുടെ ഡിജിറ്റൽ കോപ്പി വെബ്സൈറ്റിൽ ലഭ്യമാണ്. പത്താംതരം/ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളുടെ അപേക്ഷാഫോറങ്ങളും പ്രോസ്പെക്ടസും ഓരോ വർഷത്തെയും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, പരീക്ഷാഫലങ്ങൾ, വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട പരിപാടികളുടെ ചിത്രങ്ങൾ, വീഡിയോകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർക്കായി പ്രത്യേക ലിങ്ക് തയാറാക്കിയിട്ടുണ്ട്.

**www.literacymissionkerala.org** എന്നാണ് വെബ്സൈറ്റിന്റെ വിലാസം.

മേൽവിലാസം: കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, അക്ഷരം, പേട്ട ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന് സമീപം, തിരുവനന്തപുരം- 24
ഫോൺ നമ്പർ : 0471-2472253, 2472254

ഇ-മെയിൽ വിലാസം: **stateliteracymission@gmail.com**

## സോഫ്റ്റ്‌വെയർ

തുല്യതാകോഴ്സുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ, പ്രേരക്മാരുടെ ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഉൾപ്പെടെയുള്ളവ കെൽട്രോൺ മുഖാന്തിരം ഇസിഎംഎസ് എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കി 2018 മുതൽ ഉപയോഗിച്ചുവരുന്നു.

## ഫേസ്ബുക്

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ, സംസ്ഥാനഓഫീസും ജില്ലാ ഓഫീസുകളും നടത്തുന്ന പരിപാടികളുടെ ഫോട്ടോസ്, വീഡിയോ, ഇത് സംബന്ധിച്ച വാർത്താ ലിങ്കുകൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നതിനായി ഔദ്യോഗികമായി **State Literacy Mission Authority** എന്ന ഫേസ്ബുക് പേജ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**ഫേസ്ബുക് ലിങ്ക്:**

**https://www.facebook.com/profile.php?id=100080176010101**

## യൂട്യൂബ് ചാനൽ

ലോക്ഡൗൺ കാലത്ത് പഠനക്ലാസുകൾ നിർത്തിവെച്ച സാഹചര്യത്തിൽ സംസ്ഥാന സാക്ഷരതാമിഷൻ ഔദ്യോഗികമായി ആരംഭിച്ച ചാനലാണ് **'അക്ഷരം'.** ഇതിലൂടെ സമ്പർക്കപഠനക്ലാസുകൾക്കൊപ്പം ഓൺലൈനായും തുല്യതാക്ലാസുകൾ പഠിതാക്കളിലേക്ക് എത്തിക്കാൻ സാധിച്ചു. മിഷൻ നടത്തുന്ന പരിപാടികളുടെ വിവരങ്ങൾ, വീഡിയോ, പ്രഭാഷണങ്ങൾ, പഠിതാക്കളുടെ അനുഭവങ്ങൾ എന്നിവയും ജനങ്ങളിലേക്ക് എത്തിക്കാൻ യൂട്യൂബ്ചാനലിലൂടെ കഴിയുന്നുണ്ട്.

**ചാനൽ ലിങ്ക് :**

**https://youtube.com/@aksharamyoutubechannel?si=IQsFBzW9FA_XFLp**

## ഇൻസ്റ്റാഗ്രാം

സംസ്ഥാന-ജില്ലാ ഓഫീസുകൾ നടത്തുന്ന പരിപാടികളുടെ ചിത്രങ്ങൾ, വീഡിയോകൾ, പോസ്റ്ററുകൾ എന്നിവ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി ഒരു ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജ് ആരംഭിച്ചിട്ടുണ്ട്.

ഇൻസ്റ്റാഗ്രാം ലിങ്ക്:

**https://www.instagram.com/literacymissionkerala?igsh=MWhhOXFpdWg4bTdkYg==**

# മിഷന്റെ പ്രധാന പരിപാടികൾ

സാമ്പത്തികമായും സാമൂഹികമായും അരികുവത്കരിക്കപ്പെട്ട, തുടർ വിദ്യഭ്യാസ അവസരങ്ങൾ നഷ്ടപ്പെട്ടവർക്ക് വിദ്യാഭ്യാസം നേടാനും അതിലൂടെ സാമൂഹിക ഉന്നതി കൈവരിക്കാനും കഴിയുന്ന തരത്തിലാണ് സാക്ഷരതാമിഷൻ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. വ്യത്യസ്തമായ നിരവധി കോഴ്സുകളിലൂടെ അനൗപചാരിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട്, കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാമിഷൻ **2025** ഏപ്രിൽ **1** മുതൽ **2026** മാർച്ച് **31** വരെ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## സാക്ഷരതാ കോഴ്സ് (സോഫ്റ്റ്‌വെയർ ബാച്ച് )

നിരക്ഷരരെ ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ഏതൊരാൾക്കും ഈ കോഴ്സിൽ ചേരാം. സാക്ഷരതാപാഠാവലി അടിസ്ഥാനമാക്കി പഠനം നടത്തുന്ന ഈ കോഴ്സിന്റെ കാലാവധി നാലുമാസമാണ്. പഠിതാക്കളെ കണ്ടെത്തുന്നതും ക്ലാസിലെത്തിക്കുന്നതും സാക്ഷരതാപ്രേരക്മാരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് അടിസ്ഥാനത്തിൽ ക്ലാസുകൾ നടത്തുന്നു. 15 വയസ്സിനുമുകളിലുള്ള ഏതൊരാൾക്കും സാക്ഷരതാപഠനം നടത്താം. പരീക്ഷകൾ മികവുത്സവമായി നടത്തും. വിജയിക്കുന്നവർക്ക് നാലാംതരം തുല്യതാകോഴ്സിൽ ചേരുന്നതിനുള്ള അവസരവുമുണ്ട്. **2025 ആഗസ്റ്റ് 10** ന് നടന്ന 6-ആം ബാച്ച് മികവുത്സവത്തിൽ ആകെ **203** പേർ പങ്കെടുക്കുകയും മുഴുവൻ പേരും വിജയിക്കുകയും ചെയ്തു. ഇതിൽ **111** പുരുഷന്മാരും **92** സ്ത്രീകളുമാണുള്ളത്. ഇവരിൽ എസ് സി വിഭാഗത്തിൽ **25** പേരും എസ്ടി വിഭാഗത്തിൽ **10** പേരുമാണുള്ളത്. 7-ആം ബാച്ചിൽ ആകെ 241 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 7-ആം ബാച്ചിന്റെ മികവുത്സവം 2026 മെയ് മാസം നടക്കും.

## തുല്യതാ കോഴ്സുകൾ

ഇന്ത്യയിൽ തുല്യതാവിദ്യാഭ്യാസപരിപാടി നടപ്പാക്കുന്ന ഏകസംസ്ഥാനമാണ് കേരളം. നിരവധി പേർക്ക് മുടങ്ങിപ്പോയ വിദ്യാഭ്യാസം പൂർത്തിയാക്കാനും ജോലി ലഭിക്കുന്നതിനും തൊഴിൽ മേഖലയിൽ സ്ഥാനക്കയറ്റത്തിനും ഇതിലൂടെ അവസരം ലഭിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പഠനക്ലാസ്സുകൾ നടപ്പാക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഫീസ് തദ്ദേശസ്ഥാപനങ്ങൾ വകയിരുത്തുന്നു. പട്ടികജാതി, പട്ടികവർഗ, ട്രാൻസ്ജൻഡർ വിഭാഗത്തിന് പഠനം സൗജന്യമാണ്.

## നാലാംതരം തുല്യത

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന നാലാംതരം കോഴ്സിന്റെ 17 ബാച്ചുകൾ പൂർത്തീകരിച്ചു. 17-ആം ബാച്ചിന്റെ പരീക്ഷ 2025 ആഗസ്റ്റ് 10ന് നടന്നു. **364** പേർ പരീക്ഷയെഴുതിയതിൽ **352** പേർ വിജയിച്ചു. വിജയിച്ചവരിൽ **165** പുരുഷൻമാരും **187** സ്ത്രീകളുമാണ്. ഇവരിൽ എസ്.സി വിഭാഗത്തിൽ **22** പേരും എസ്ടി വിഭാഗത്തിൽ **11** പേരുമാണുള്ളത്. 18-ആം ബാച്ചിൽ ആകെ 414 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് 18-ആം ബാച്ചിന്റെ പരീക്ഷ 2026 മെയ് മാസം നടക്കും.

.

## ഏഴാംതരം തുല്യത

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന ഏഴാംതരം തുല്യതാകോഴ്സിന്റെ 18 ബാച്ചുകൾ പൂർത്തീകരിച്ചു. 2005 മുതൽ വിജയകരമായി നടത്തിവരുന്ന കോഴ്സിന്റെ കാലയളവ് 8 മാസമാണ്. സാക്ഷരതാമിഷൻ നടത്തിവരുന്ന തുല്യതാകോഴ്സുകളുടെ നടത്തിപ്പിനായും കോഴ്സുകൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി തുല്യതാബോർഡ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഏഴാംതരം തുല്യതാകോഴ്സുകളുടെ പൊതുപരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവ സാക്ഷരതാമിഷൻ നേരിട്ടാണ് നടത്തുന്നത്. നാലാംതരം തുല്യതയോ ഔപചാരിക നാലാം ക്ലാസോ വിജയിച്ചശേഷം പഠനം മുടങ്ങിയവർക്കുവേണ്ടിയാണ് ഏഴാംതരം തുല്യതാപരിപാടി ആരംഭിച്ചത്.

2025 ഓഗസ്റ്റ് മാസത്തിൽ 18-ആം ബാച്ച് പരീക്ഷ നടന്നു. ആകെ 1846 പേർ പരീക്ഷ എഴുതുകയും 828 പേർ വിജയിക്കുകയും ചെയ്തു. ഇതിൽ 395 പുരുഷൻമാരും 433 സ്ത്രീകളുമാണ്. ഇവരിൽ എസ്.സി വിഭാഗത്തിൽ **44** പേരും എസ്ടി വിഭാഗത്തിൽ **31** പേരുമാണുള്ളത്. 19-ആം ബാച്ചിൽ ആകെ 1016 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് 19-ആം ബാച്ചിന്റെ പരീക്ഷ 2026 മെയ് മാസം നടക്കും.

## പത്താംതരം തുല്യത

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 2006 ൽ ആരംഭിച്ച പത്താംതരം തുല്യതാ കോഴ്സിന്റെ 18 ബാച്ചുകൾ പൂർത്തീകരിച്ചു. കോഴ്സ് കാലയളവ് 10 മാസമാണ്. പത്താംതരം തുല്യതാകോഴ്സ് മലയാളം മീഡിയത്തിനുപുറമെ, തമിഴ്, കന്നഡ മീഡിയങ്ങളിലും നടത്തിവരുന്നു. പൊതുപരീക്ഷ നടത്തിപ്പിന്റെയും സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും പൂർണ്ണചുമതല പൊതുപരീക്ഷാ ബോർഡിനാണ്. എസ്എസ്എൽസി അടിസ്ഥാന യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലേക്ക് പി.എസ്.സി പത്താംതരം തുല്യതാസർട്ടിഫിക്കറ്റും അംഗീകരിച്ചിട്ടുണ്ട്. ലക്ഷദ്വീപ്, ഗൾഫ് രാജ്യമായ യൂ.എ.ഇ എന്നിവിടങ്ങളിൽ പത്താംതരം തുല്യതാസെന്ററുകൾ അനുവദിച്ചിട്ടുണ്ട്.

ഔപചാരിക ഏഴാംക്ലാസ് വിജയിച്ചവർ, ഏഴാംതരം തുല്യത വിജയിച്ചവർ, ഔപചാരിക എട്ടാം ക്ലാസിനും പത്താം ക്ലാസിനും ഇടയിൽ വച്ച് പഠനം നിർത്തിയവർ, എസ്എസ്എൽസി പരാജയപ്പെട്ടവർ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. എസ്എസ്എൽസി പാഠ്യപദ്ധതിയോട് തുല്യത അവകാശപ്പെടാവുന്ന രീതിയിലാണ്

പത്താംതരം തുല്യതാകോഴ്സിന്റെ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 18-ആം ബാച്ചിൽ ആകെ **7179** പേർ പരീക്ഷ എഴുതുകയും **6491** പേർ വിജയിക്കുകയും ചെയ്തു. **വിജയശതമാനം 90.42%**

19-ആം ബാച്ച്(2025-26) ക്ലാസുകൾ നടന്നുവരുന്നു. ആകെ **8842** പേർ രജിസ്റ്റർ ചെയ്തു. അതിൽ **2900** പേർ പുരുഷൻമാരും **5941** സ്ത്രീകളും ട്രാൻസ്ജൻഡർ വിഭാഗത്തിൽ ഒരാളുമുണ്ട്. ഇവരിൽ എസ്.സി വിഭാഗത്തിൽ 1446 പേരും എസ്.ടി വിഭാഗത്തിൽ 243 പേരുമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 20–ാം ബാച്ച് രജിസ്ട്രേഷൻ 2026 മെയ് 05 മുതൽ ആരംഭിച്ചു.

## ഹയർസെക്കൻഡറി തുല്യത

കേരളസംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ഹയർസെക്കൻഡറി തുല്യതാകോഴ്സ് 18.04.2013 ലെ 138/2013/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം മാനവിക വിഷയങ്ങളായ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ആരംഭിച്ചിട്ടുള്ളത്. പാർട്ട് I ഇംഗ്ലീഷ്, പാർട്ട് II മലയാളം/ഹിന്ദി, പാർട്ട് III ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഗാന്ധിയൻ സ്റ്റഡീസ്, ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി എന്നീ വിഷയങ്ങളാണ് ഹയർസെക്കൻഡറി പഠനത്തിനായുള്ളത്. തുല്യതാകോഴ്സിന്റെ ഒന്നാംവർഷം 10 വിഷയങ്ങളിലായി 13 സ്വയംപഠന സാമഗ്രികളും രണ്ടാം വർഷം 10 വിഷയങ്ങളിലായി 15 സ്വയംപഠനസാമഗ്രികളുമാണ് തയ്യാറാക്കിയിട്ടുള്ളത്. ഔപചാരിക പത്താം ക്ലാസ് വിജയിച്ചശേഷം പഠനം തുടരാൻ കഴിയാത്തവർ, പത്താംതരം തുല്യത വിജയിച്ചവർ, വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണ്ണമായി ലഭിക്കാത്തവർ തുടങ്ങി തുടർപഠനത്തിന് അവസരം ലഭിക്കാത്തവരാണ് ഹയർസെക്കൻഡറി തുല്യതാകോഴ്സിന്റെ ഗുണഭോക്താക്കൾ.

ഹയർസെക്കൻഡറി തുല്യതാകോഴ്സിൽ ഇതുവരെയായി എട്ട് ബാച്ചുകൾ പൂർത്തിയായിട്ടുണ്ട്. 2025 ജൂലൈ മാസത്തിൽ നടന്ന എട്ടാം ബാച്ച് പരീക്ഷയിൽ **13023** പേർ പരീക്ഷ എഴുതുകയും **10788** പേർ വിജയിക്കുകയും ചെയ്തു. (വിജയശതമാനം 82.84%). ഒൻപതാം ബാച്ചിന്റെ ഒന്നാം വർഷ പരീക്ഷ 2025 ജൂലൈ മാസം നടന്നു. രണ്ടാം വർഷ പൊതു പരീക്ഷ 2026 ജൂലൈയിൽ നടക്കും. .10-ആം ബാച്ചിൽ ആകെ 12,227 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പത്താം ബാച്ചിന്റെ ക്ലാസുകൾ നടന്നു വരുന്നു.

## നവചേതന പദ്ധതി

പട്ടികജാതികോളനികളിൽ നിരക്ഷരതാനിർമാർജ്ജനം ലക്ഷ്യമിട്ട് സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് **നവചേതന.** പദ്ധതിയുടെ നാല് ഘട്ടങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. നാലാംഘട്ടത്തിൽ നാലാംതരം തുല്യതാ ക്ലാസുകളാണ് നടന്നത്. കേരളസർക്കാരിന്റെ നാലാം നൂറുദിനകർമ്മ പരിപാടിയിൽ നവചേതന നാലാംഘട്ടം പദ്ധതി ഉൾപ്പെടുത്തിയിരുന്നു.

ആകെ **4212** പേർ സാക്ഷരതയും (ആദ്യ മൂന്ന് ഘട്ടങ്ങളിൽ) നാലാം തരത്തിൽ (അവസാന മൂന്ന് ഘട്ടങ്ങളിലായി) **8589** പേരും വിജയിച്ചു. 14 ജില്ലകളിയായി പദ്ധതിയുടെ അഞ്ചാം ഘട്ടം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## സമന്വയ -ട്രാൻസ്ജൻഡേഴ്സ് തുടർവിദ്യാഭ്യാസപദ്ധതി

ട്രാൻസ്ജൻഡർ വ്യക്തിത്വങ്ങളെ പഠനത്തോടൊപ്പം സാംസ്കാരികവും വൈജ്ഞാനികവുമായി മികവുള്ളവരാക്കി മാറ്റി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സാമൂഹികനീതിവകുപ്പും സംയുക്തമായി നടപ്പാക്കിവരുന്ന വിദ്യാഭ്യാസപദ്ധതിയാണ് സമന്വയ തുടർവിദ്യാഭ്യാസപദ്ധതി.

നിലവിൽ സാക്ഷരതയിൽ തുടങ്ങി ഹയർസെക്കൻഡറി തലം വരെയാണ് രജിസ്ട്രേഷൻ നടത്തിവരുന്നത്. പദ്ധതിയിൽ തൊഴിൽ/ജീവിതനൈപുണി സാധ്യതകൾ കൂടി ഉൾപ്പെടുത്തി ട്രാൻസ്ജൻഡർ വിഭാഗക്കാരെ കൂടുതൽ ആത്മവിശ്വാസമുള്ള സമൂഹമായി മാറ്റുവാൻ ഉതകുന്നതരത്തിൽ വിപുലപ്പെടുത്തുവാൻ കേരള സംസ്ഥാനസാക്ഷരതാമിഷൻ ഉദ്ദേശിക്കുന്നു. സാക്ഷരതാ-തുല്യതാ കോഴ്സുകളിൽ പഠിക്കുന്ന ട്രാൻസ്ജൻഡർ പഠിതാക്കൾക്ക് സ്കോളർഷിപ്പിന് പുറമേ പരീക്ഷാകാലയളവിൽ താമസിക്കുന്നതിനായുള്ള പഠനവീട് സമ്പ്രദായവും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഒരുക്കിയിരിക്കുന്നു.
പഠിതാക്കൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ചുവടെ ചേർക്കുന്നു.

- സാക്ഷരതാ പഠിതാവിന് 1000/- രൂപ വീതം 4 മാസകാലയളവിൽ
- നാലാംതരം പഠിതാവിന് 1000/- രൂപ വീതം 6 മാസകാലയളവിൽ
- ഏഴാംതരം പഠിതാവിന് 1000/- രൂപ വീതം എട്ട് മാസകാലയളവിൽ
- പത്താംതരം പഠിതാവിന് 1000/- രൂപ വീതം 10 മാസകാലയളവിൽ
- ഹയർസെക്കൻഡറി പഠിതാവിന് 1250/- രൂപ വീതം 10 മാസകാലയളവിൽ

2025-26 കാലഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## ചങ്ങാതി പദ്ധതി

കേരളത്തിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ആശയവിനിമയത്തിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ് **ചങ്ങാതി പദ്ധതി.** കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 2016 ൽ ആരംഭിച്ച ഈ പദ്ധതി കേരളീയർക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കുമിടയിൽ സൗഹൃദം വളർത്തുക, മലയാള ഭാഷയിൽ

പ്രാഥമിക അടിസ്ഥാനം ഉറപ്പ് വരുത്തുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ചങ്ങാതി പദ്ധതി നാല് ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കി മുന്നേറുകയാണ്. പദ്ധതിയുടെ നാലാംഘട്ടം കേരളസർക്കാരിന്റെ നാലാം നൂറുദിനകർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയുടെ കാലയളവ് നാല് മാസമാണ്. നാല് ഘട്ടങ്ങളിലായി ആകെ **9,169** പേരെ സാക്ഷരരാക്കുവാനും സാധിച്ചു. പാലക്കാട് ജില്ലയിൽ സവിശേഷ പദ്ധതിയായി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പദ്ധതി നടപ്പിലാക്കി. 14 ജില്ലകളിയായി പദ്ധതിയുടെ അഞ്ചാംഘട്ടം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പദ്ധതിയുടെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുംവിധം സമൂഹത്തിന്റെ സവിശേഷതകളും ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മനുഷ്യാവകാശങ്ങളും പരിചയപ്പെടുത്തുന്ന വിധത്തിലാണ് **'ഹമാരി മലയാളം'** പഠനസഹായി തയ്യാറാക്കിയിരിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുമാനമാർഗ്ഗത്തിനായി കേരളത്തിൽ എത്തിച്ചേരുന്ന തൊഴിലാളികളെ അവരുടെ സാമൂഹികപരമായ നിലനില്പ്പിനാവശ്യമായ വിജ്ഞാനം വളർത്തുന്ന ഈ പദ്ധതി ആരോഗ്യ - സാമ്പത്തിക - ശുചിത്വ സാക്ഷരതയെക്കുറിച്ചും ഇവർക്ക് അവബോധം വളർത്തുന്ന നിലയിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആൻഡ് ഇൻക്ലൂസിവ് ഗവേണൻസ് **(CMPIG)** വിഭാഗവുമായി ചേർന്നുകൊണ്ട് പരിഷ്കരിച്ചു നടപ്പാക്കുകയാണ്.

## അക്ഷരശ്രീ പദ്ധതി

തിരുവനന്തപുരം നഗരസഭയും കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സംയുക്തമായി 2018 മുതൽ നഗരസഭാ പരിധിയിൽ നടപ്പാക്കി വരുന്ന തുടർ വിദ്യാഭ്യാസ പദ്ധതിയായ അക്ഷരശ്രീ പദ്ധതി നാല് ഘട്ടങ്ങൾ വിജയകരമായി പൂർത്തീകരിച്ച് 2025-2026 സാമ്പത്തിക വർഷം അഞ്ചാം ഘട്ടത്തിൽ എത്തി നിൽക്കുന്നു. നഗരസഭാ പരിധിയിലുള്ള തുടർവിദ്യാഭ്യാസം സാധ്യമാകാതെ പോയ മുഴുവൻ ആളുകൾക്കും അവസരം നൽകിക്കൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

അക്ഷരശ്രീ തുടർവിദ്യാഭ്യാസപദ്ധതിയുടെ അഞ്ചാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| കോഴ്സ് | പഠിതാക്കളുടെ എണ്ണം |
|---|---|
| നാലാംതരം തുല്യത | 20 |
| ഏഴാംതരം തുല്യത | 30 |
| പത്താംതരം തുല്യത | 225 |
| ഹയർസെക്കൻഡറി തുല്യത(ഒന്നാം വർഷം) | 550 |
| ഹയർസെക്കൻഡറി തുല്യത(രണ്ടാം വർഷം) | 408 |

| | |
|---|---|
| പച്ച മലയാളം (Basic Course) | 20 |
| പച്ച മലയാളം (Advance Course) | 20 |
| ഗുഡ് ഇംഗ്ലീഷ് (8- ആം ബാച്ച്) | 540 |
| അച്ഛീ ഹിന്ദി (8- ആം ബാച്ച്) | 20 |
| ഡിഗ്രി | 416 |
| പി.ജി | 5 |

## ന്യൂ ഇന്ത്യാ ലിറ്ററസി പ്രോഗ്രാം

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം. കേരളത്തിലെ പട്ടികജാതി, പട്ടികവർഗ, ന്യൂനപക്ഷ, മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ അവശേഷിക്കുന്ന നിരക്ഷരരെ കൂടി സാക്ഷരരാക്കുന്നതിന് കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന ഈ പദ്ധതിയുടെ കാലയളവ് അഞ്ച് വർഷമാണ്. പദ്ധതിക്കായി കേന്ദ്രസർക്കാർ 60%വും സംസ്ഥാനസർക്കാർ 40%വും തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്

### പദ്ധതിയുടെ പ്രവർത്തനങ്ങൾ

- ദേശീയ വിദ്യാഭ്യാസ നയം - 2020 പ്രകാരം മുതിർന്നവർക്കുള്ള വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു.
- അടിസ്ഥാന സാക്ഷരതയും സംഖ്യാശാസ്ത്രവും മാത്രമല്ല, ജീവിതനൈപുണി വികസനം, തൊഴിലധിഷ്ഠിത നൈപുണിവികസനം, അടിസ്ഥാനവിദ്യാഭ്യാസം, ഡിജിറ്റൽ സാക്ഷരത, തുടർ വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ദേശീയ സാക്ഷരതാമിഷന്റെ മാർഗനിർദേശങ്ങൾ അനുസരിച്ചും കേരളത്തിന്റെ സവിശേഷതകളെ ഉൾക്കൊണ്ടും ജനകീയ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.
- കേരളത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്.
- കേരളത്തിലെ 14 ജില്ലകളും ഈ പദ്ധതിയുടെ ഭാഗമാണ്.
- സംസ്ഥാനം, ജില്ല, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്, വാർഡുകൾ എന്നിവിടങ്ങളിൽ വിവിധ സംഘാടക സമിതികൾ രൂപീകരിച്ച് പ്രവർത്തനം ഏകോപിപ്പിക്കുന്നു.
- സ്ത്രീകൾ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ന്യൂനപക്ഷങ്ങൾ, ട്രാൻസ്ജൻഡറുകൾ,

മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്ക് പ്രാമുഖ്യം നൽകുന്നു.

- സന്നദ്ധപ്രവർത്തകർ (വോളണ്ടറി ടീച്ചർ) വഴിയാണ് പദ്ധതി നടപ്പിലാക്കിയത്.
- പട്ടികജാതി, പട്ടികവർഗം, മേരാ യുവ ഭാരത്, സംസ്ഥാന റിസോഴ്സ് സെന്റർ, സംസ്ഥാന വിദ്യാഭ്യാസഗവേഷണ പരിശീലനകൗൺസിൽ, നാഷണൽ കേഡറ്റ് സേവന പദ്ധതി, സംയോജിതശിശു വികസന പദ്ധതി, കോർപ്സ്, ദേശീയ ജില്ലാവിദ്യാഭ്യാസ പരിശീലന സ്ഥാപനം, ആരോഗ്യം, സാമൂഹ്യനീതി, കുടുംബശ്രീ മഹിളാസമഖ്യ സൊസൈറ്റി തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ സർക്കാർ-സന്നദ്ധ വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.
- എസ് സി ഇ ആർ ടിയിൽ സംസ്ഥാന തലത്തിൽ ഒരു സംസ്ഥാന  സാക്ഷരതാ കേന്ദ്രം (എസ് സി എൽ) രൂപീകരിച്ചു.
- ഡിജിറ്റൽ സർവേയിലൂടെ നിരക്ഷരരെ/പഠിതാവിനെ കണ്ടെത്തുന്നു.
- ഓൺലൈനായും, ഓഫ്‌ലൈനായും ക്ലാസുകൾ നടത്തുന്നു.
- പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാർ അംഗീകരിച്ച ബജറ്റ് തുക **1,63,07,200** രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം (60%) 97,84,320 രൂപയും സംസ്ഥാനവിഹിതം (40%) **65,22,880** രൂപയുമാണ്. മൂന്നാംഘട്ട പ്രവർത്തനങ്ങൾക്കായി ആദ്യ ഗഡുവായി   ടി തുകയുടെ 61.32% മാണ് നിലവിൽ ലഭ്യമായിട്ടുള്ളത്.
- 2026 ജനുവരി 25 ന് 14 ജില്ലകളിലും മൂന്ന് നാല് ഘട്ടങ്ങളുടെ മികവുത്സവം നടന്നു.
- 2025 -26 സാമ്പത്തിക വർഷത്തെ ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി **40,000**  പഠിതാക്കളെ കണ്ടെത്തുന്നതിനുള്ള ചെലവിനായി **81,64,000** രൂപയുടെ പ്രൊപ്പോസൽ ഡിപ്പാർട്ട്മെന്റ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ ആന്റ് ലിറ്ററസിക്ക് നൽകിയിട്ടുണ്ട്. (വിശദമായ ഫിനാൻഷ്യൽ പ്ലാൻ ഉള്ളടക്കം ചെയ്യുന്നു). 2025-26 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ബജറ്റിൽ ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിനായി ആകെ 72,50,000/- രൂപ ഇതിൽ (കേന്ദ്രവിഹിതമാണ്  (60%) **43,50,000/ -** രൂപയും സംസ്ഥാന വിഹിതം (40%) 29,00,000/ -) വകയിരുത്തിയിട്ടുണ്ട്.
- പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിൽ (PFMS) നിന്നുള്ള ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഫണ്ട് വിനിയോഗം 'സ്പർശ്' (SPARSH) സംവിധാനത്തിലേക്ക് മാറുകയും, ഇതിന്റെ ആദ്യ മദർ സാങ്ക്ഷനായി (Mother Sanction) 24,49,000/- രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു.

**മൂന്ന് - നാല് ഘട്ടങ്ങളിലായി 2024 -25, 2025-26 സാമ്പത്തിക വർഷത്തിൽ 27,757 പേരെ പരീക്ഷയിൽ പങ്കെടുപ്പിച്ചു. അതിൽ 27,265 പേർ വിജയിച്ചു. അതിൽ 21,106 സ്ത്രീകളും  6,159 പുരുഷന്മാരുമാണ്.**

## ജൻഡർ സാക്ഷരതാപദ്ധതി

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി സാമൂഹ്യസാക്ഷരതാപദ്ധതിയിൽ ഉൾപ്പെടുത്തി ജൻഡർ സാക്ഷരതാപദ്ധതി നടപ്പാക്കുന്നു. സാക്ഷരത തുല്യതാ പഠിതാക്കൾക്കും പ്രേരക്മാർക്കും തുല്യതാഅധ്യാപകർക്കും ജൻഡർ ബോധവൽക്കരണം നടത്തുക, ജൻഡർ അവബോധം സമൂഹത്തിന്റെ അടിത്തട്ടിലെത്തിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി SCERTയുടെ നേതൃത്വത്തിൽ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

## മുന്നേറ്റം

തുടർവിദ്യാഭ്യാസം നൽകുന്നതോടൊപ്പം സ്ത്രീകളുടെ ഉന്നമനം, സ്ത്രീശാക്തീകരണം എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന സാക്ഷരതാമിഷനും മഹിളാസമഖ്യ സൊസൈറ്റിയുമായി ചേർന്ന് നടത്തുന്ന പദ്ധതിയാണ് മുന്നേറ്റം. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എസ് ടി, എസ്.സി വിഭാഗത്തിലെ പഠിതാക്കൾ നാല്, ഏഴ്, പത്ത്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിൽ രജിസ്ട്രേഷൻ ചെയ്തു കേരള മഹിളാസമഖ്യ സൊസൈറ്റിക്കൊപ്പം കേരള വനിതാവികസന കോർപ്പറേഷനുമായി ചേർന്നുകൊണ്ട് സ്ത്രീകളുടെ തുടർപഠനത്തോടൊപ്പം നൈപുണി വികസനവും ഉൾപ്പെടുത്തി പദ്ധതി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ദീപ്തി (ബ്രെയിലി സാക്ഷരതാപദ്ധതി)

നിരക്ഷരരായ കാഴ്ചവെല്ലുവിളി നേരിടുന്നവർക്ക് ബ്രെയിൽ ലിപിയിൽ അടിസ്ഥാന വിദ്യാഭ്യാസം ഒരുക്കുക, വിദ്യാഭ്യാസത്തിലൂടെ കാഴ്ച വെല്ലുവിളിയുള്ളവരിൽ ആത്മവിശ്വാസം, ആത്മാഭിമാനം എന്നിവ വർധിപ്പിക്കുക, വിദ്യാഭ്യാസം നൽകുന്നതിലൂടെ ഒറ്റപ്പെട്ടു നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരിക, സാക്ഷരതാ ക്ലാസ്സുകളിൽ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള വേദി ഒരുക്കുക, കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ/സാദ്ധ്യതകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ സാക്ഷരതാമിഷൻ ഫെഡറേഷൻ ഓഫ് ബ്ലൈന്റ്റ് അധ്യാപക ഫോറവുമായി ചേർന്ന് കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാഭ്യാസ പിന്തുണ ഉറപ്പാക്കി കൊണ്ടാണ് ബ്രെയിൽ സാക്ഷരത പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ക്ലാസ്സികൾ പൂർത്തീകരിച്ചു.

| ജില്ല | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | സ്ത്രീ | പുരുഷൻ |
|---|---|---|---|---|
| തിരുവനന്തപുരം | 8 | 8 | 5 | 3 |
| ആലപ്പുഴ | 38 | 38 | 17 | 21 |
| കോട്ടയം | 4 | 4 | 2 | 2 |
| ഇടുക്കി | 19 | 19 | 6 | 13 |
| എറണാകുളം | 9 | 9 | 9 | 0 |
| തൃശ്ശൂർ | 7 | 7 | 3 | 4 |
| പാലക്കാട് | 57 | 57 | 15 | 42 |
| മലപ്പുറം | 17 | 17 | 3 | 14 |
| കോഴിക്കോട് | 12 | 12 | 4 | 8 |
| കാസർഗോഡ് | 15 | 15 | 2 | 13 |
| **ആകെ** | **186** | **186** | **66** | **120** |

ദീപ്തി ബ്രെയിൽ സാക്ഷരതാപദ്ധതിയുടെ തെരഞ്ഞെടുക്കപ്പെട്ട പഠിതാക്കൾക്ക് അസാപ് കേരളയുടെ സഹായത്തോടെ ' **കസ്റ്റമർ കെയർ എക്സിക്യൂട്ടീവ് & ഐടി** ' എന്ന തൊഴിൽ പരിശീലനം കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ആസ്ഥാനത്ത് റസിഡൻഷ്യൽ ക്യാമ്പായി 2025 ആഗസ്റ്റ് 6 മുതൽ 31 വരെ നടന്നു. 15 പഠിതാക്കൾ പരിശീലനത്തിൽ പങ്കെടുത്തു. പ്രസ്തുത കോഴ്സ് പൂർത്തീകരിച്ച പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം 2025 ഒക്ടോബർ 23 ന് സംസ്ഥാന സാക്ഷരതാമിഷന്റെ അക്ഷരം ഹാളിൽ ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതി വകുപ്പും മന്ത്രി ശ്രീമതി ആർ ബിന്ദു നിർവ്വഹിച്ചു.

## പരിസ്ഥിതി സാക്ഷരതാപദ്ധതി

സാക്ഷരതാമിഷന്റെ പഠിതാക്കളിലൂടെ ബഹുജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന **പരിസ്ഥിതിസാക്ഷരതാ പദ്ധതിയുടെ** വിവിധ പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്തിവരുന്നു. എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ 5 ന് വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആചരിക്കുകയും പരിസ്ഥിതി വിദഗ്ധരെ പങ്കെടുപ്പിച്ച് ബോധവത്കരണ സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു.

2025 ജൂൺ 5 ന് സംസ്ഥാന ഓഫീസിൽ നടന്ന പരിസ്ഥിതി ദിനാചരണം, ജി.എ.ഐ.എ ഏഷ്യാ പസഫിക് ക്യാമ്പയിനർ ഷിബു കെ.എൻ. വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് **'പ്ലാസ്റ്റിക് വിമുക്ത കേരളം'** എന്ന വിഷയത്തിൽ ക്ലാസും, പ്ലാസ്റ്റിക് ഉപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക - ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചയും നടന്നു. പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സ്ഥാപനങ്ങളുമായി സഹകരിച്ച് സാക്ഷരതാപഠിതാക്കൾക്കായി പരിസ്ഥിതി ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.


## ജയിൽ ജ്യോതി

കേരളസംസ്ഥാന സാക്ഷരതാമിഷനും ജയിൽ വകുപ്പും സംയുക്തമായി സംസ്ഥാനത്തെ ജയിലുകളിലെ തുടർ പഠനം ആഗ്രഹിക്കുന്ന അന്തേവാസികൾക്കായി ആരംഭിച്ച പദ്ധതിയാണ് ജയിൽജ്യോതി. സാക്ഷരത മുതൽ ഹയർസെക്കൻഡറി വരെയുള്ള വിവിധ കോഴ്സുകൾ ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നു. തുടർ പഠനത്തിലൂടെ അവരുടെ വ്യക്തിഗത വളർച്ചയ്ക്കും വിദ്യഭ്യാസത്തിനുമുള്ള അവസരം നൽകുന്നു. ജയിൽ ചട്ടങ്ങളിൽ പ്രിസൺ ആൻഡ് കറക്ഷണൽ സർവീസ് ചട്ടം 258(7) പ്രകാരം എല്ലാ അന്തേവാസികളെയും എഴുതാനും വായിക്കാനും പഠിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമാണ് സംസ്ഥാനത്തെ ജയിലുകളിൽ പദ്ധതി നടപ്പാകുന്നത്.

ജില്ലകളിൽ പഠനം നടത്തിവരുന്ന പഠിതാക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | സാക്ഷരത | നാലാം തരം | ഏഴാം തരം | പത്താം തരം | ഹയർ സെക്കൻഡറി |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 10 | 6 | 8 | 7 | 13 |
| 2 | ഇടുക്കി | | | | 1 | |
| 3 | പാലക്കാട് | 0 | 0 | 0 | 2 | 2 |
| 4 | തൃശ്ശൂർ | 0 | 0 | 0 | 2 | 18 |
| 5 | മലപ്പുറം | 0 | 2 | 7 | 14 | 13 |
| 6 | കണ്ണൂർ | 7 | 23 | 3 | 8 | 56 |
| | ആകെ | **17** | **31** | **18** | **34** | **102** |

## സർട്ടിഫിക്കറ്റ് കോഴ്സ്




മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നതിനായി ആരംഭിച്ച പദ്ധതികളാണ് **പച്ചമലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ്.**

പതിനേഴ് വയസ്സ് പൂർത്തിയായവർക്കും ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മലയാളം പഠിക്കാൻ അവസരം ലഭിക്കാത്ത മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവർക്കും മലയാളം പഠിക്കാൻ അവസരം നൽകുന്ന കോഴ്സാണ് പച്ചമലയാളം കോഴ്സ്. പല കാരണങ്ങളാൽ മലയാളഭാഷ അറിയാത്തവരായി ഒരു ന്യൂനപക്ഷം കേരളീയർ സംസ്ഥാനത്തിനകത്തും പുറത്തുമുണ്ട്. അങ്ങനെയുള്ളവർക്ക് മലയാളഭാഷ പഠിക്കുന്നതിനും സ്വന്തം ഭാഷാപാരമ്പര്യത്തിന്റെ മധുരം നുണയുന്നതിനും ആ സംസ്കാരത്തിന്റെ  ഭാഗമാകുന്നതിനും ഒരു സാഹചര്യം ഒരുക്കേണ്ടതാണ്. മാത്രമല്ല ഭരണഭാഷയും കോടതിഭാഷയുമൊക്കെ പൂർണമായും മലയാളം ആകേണ്ടതുമുണ്ട്. ഫയലുകളും സർക്കാർ വിനിമയങ്ങളും മലയാളത്തിലായിക്കഴിഞ്ഞു. പിഎസ്സി പരീക്ഷകളിൽ മലയാളം നിർബന്ധമാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സാമൂഹികസമ്മർദ്ദങ്ങൾ മലയാളപഠനം അനിവാര്യമാണെന്ന തോന്നൽ ഉണ്ടാകാൻ കാരണമായിട്ടുണ്ട്.

ഈ സവിശേഷ സാഹചര്യത്തിലാണ് കേരളസംസ്ഥാന സാക്ഷരതാമിഷൻ നിലവിലുണ്ടായിരുന്ന **പച്ചമലയാളം** സർട്ടിഫിക്കറ്റ് കോഴ്സ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പരിഷ്കരിച്ച പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന്റെ കാലാവധി 1 വർഷമായി ദീർഘിപ്പിച്ചിരിക്കുന്നു. 6 മാസം വീതമുള്ള രണ്ട് ഘട്ടമായാണ് കോഴ്സ് നടത്തുന്നത്.

പരിഷ്കരിച്ച പച്ചമലയാളം അടിസ്ഥാന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒന്നാം ബാച്ച് വിജയകരമായി പൂർത്തീകരിച്ചു. 2025 മേയിൽ നടന്ന പൊതുപരീക്ഷയിൽ പങ്കെടുത്ത 408 പേരിൽ 386 പേർ വിജയിച്ചു. നിലവിൽ അഡ്വാൻസ്ഡ് കോഴ്സിന്റെ ഒന്നാം ബാച്ച് ക്ലാസുകൾ നടന്നുവരികയാണ്. ഇതിനൊപ്പം തന്നെ അടിസ്ഥാന കോഴ്സിന്റെ രണ്ടാം ബാച്ച് ക്ലാസുകളും പൂർത്തിയായിട്ടുണ്ട്; ഇതിന്റെ പരീക്ഷ 2026 ജൂണിൽ നടക്കും.

## ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി കോഴ്സുകൾ

സ്കൂൾ വിദ്യാഭ്യാസത്തിൽ എട്ടാംക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്കും പത്താം ക്ലാസ്/പത്താംതരം തുല്യത വിജയിച്ചവർക്കും ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി കോഴ്സുകളിൽ ചേരാം. ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ നിലവിൽ **എട്ട്** ബാച്ചുകൾ പൂർത്തീകരിച്ചു.

**2025 ഒക്ടോബർ 11,12** തീയതികളിലായി എട്ടാം ബാച്ച് പരീക്ഷ നടന്നു. പരീക്ഷയിൽ വിജയിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇടുക്കി | 215 |
| എറണാകുളം | 79 |
| തൃശ്ശൂർ | 36 |
| കണ്ണൂർ | 28 |
| കാസർഗോഡ് | 140 |
| അക്ഷരശ്രീ | 397 |
| **ആകെ** | **895** |

**ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി കോഴ്സുകളിൽ ഒൻപതാം ബാച്ച് ക്ലാസുകൾ നടന്നു വരുന്നു.**

| | |
|---|---|
| ഗുഡ് ഇംഗ്ലീഷ് | 150 പേരെ രജിസ്റ്റർ ചെയ്തു |
| അച്ഛീ ഹിന്ദി | 40 പേരെ രജിസ്റ്റർ ചെയ്തു |

## സ്മാർട്ട് - കമ്പ്യൂട്ടർ കോഴ്സ്

സാക്ഷരത മുതൽ ഹയർസെക്കൻഡറി തുല്യതാ വിദ്യാഭ്യാസം വരെ നടത്തുന്ന സ്ഥാപനമായ സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന ഒരു അംഗീകൃത തൊഴിൽ പരിശീലന കോഴ്സാണ് സ്മാർട്ട് ഓഫീസ് മാനേജ്മെന്റ് & ഡിജിറ്റൽ സ്കിൽസ് കമ്പ്യൂട്ടർ കോഴ്സ്. കോഴ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ മില്ലുമുക്കിൽ പ്രവർത്തിക്കുന്ന ജില്ലാ പഞ്ചായത്ത് പരിശീലനകേന്ദ്രത്തിൽ വച്ച് **2025 ആഗസ്റ്റ് 25 ന് ബഹു. പട്ടികജാതി പട്ടികവർഗപിന്നാക്ക ക്ഷേമ വികസന വകുപ്പ് മന്ത്രി ശ്രീ ഒ. ആർ കേളു** നിർവഹിച്ചു. ക്ലാസുകൾ നടന്നു വരുന്നു.

## വരമൊഴി

സർക്കാർ, അർദ്ധസർക്കാർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, മറ്റ് ഗുണഭോക്താക്കൾ എന്നിവർക്കായി മലയാള ഭാഷയിൽ പ്രൂഫ് റീഡിംഗ് & എഡിറ്റിംഗ് പരിശീലിപ്പിക്കുന്നതിനുള്ള കോഴ്സാണ് വരമൊഴി. കോഴ്സിന്റെ സമീപനരേഖ തയ്യാറാക്കി.

# നൂതന പദ്ധതികൾ

## ഭരണഘടനാസാക്ഷരത

ഭരണഘടനയുടെ മൂല്യങ്ങളും പ്രാധാന്യവും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി **"We the people of India"** എന്ന പേരിൽ വിവിധ കലാപരിപാടികൾ 'ഞാറ്റുവേല' സാംസ്കാരിക സംഘടന സംഘടിപ്പിച്ചിരുന്നു. അതിന്റെ തുടർച്ചയായി വിവിധ കലാപ്രദർശനങ്ങൾ സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കാൻ കേരളസംസ്ഥാന സാക്ഷരതാമിഷനോട് 'ഞാറ്റുവേല' സാംസ്കാരിക സംഘടന അഭ്യർത്ഥിക്കുകയും ആയതുമായി ബന്ധപ്പെട്ട ചർച്ച നടത്തി ഭരണഘടനാ കലാപ്രദർശനം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് **Memorandum Of Understanding (MOU)** ഒപ്പ് വയ്ക്കാനായി തീരുമാനിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നു.

## കേരളം ലൈഫ് ലോങ് എജ്യൂക്കേഷനിലേക്ക്

കേരള സംസ്ഥാന സാക്ഷരതാമിഷനിലൂടെ ഹയർസെക്കൻഡറി തുല്യതാ വിദ്യാഭ്യാസം പൂർത്തിയാക്കിയ പഠിതാക്കൾക്ക് തുടർപഠനത്തിന് ശ്രീനാരായണഗുരു ഓപ്പൺയൂണിവേഴ്സിറ്റി 2020 സെപ്റ്റംബറിൽ കേരളസർക്കാരിന്റെ കീഴിൽ നിലവിൽവന്നു. കേരളത്തിലെ പതിനഞ്ചാമത് സർവകലാശാലയായി സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺയൂണിവേഴ്സിറ്റി, പ്രായഭേദമെന്യേ എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണ് ലക്ഷ്യമിടുന്നത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തിൽ അതിന്റെ ബൈലോയിലും ഒബ്ജക്ടീവിലും സാക്ഷരതാമിഷനെ ഉൾപ്പെടുത്തിയിരുന്നു. ഇതിലൂടെ പ്രതിവർഷം 30,000 പഠിതാക്കൾ തുടർപഠനത്തിലേക്ക് കടന്നുവരും എന്ന് പ്രതീക്ഷിക്കുന്നു.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും കേരള സംസ്ഥാനസാക്ഷരതാ മിഷനും സംയുക്തമായി ബിരുദ/ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ചർച്ച നടക്കുകയും അത് പ്രകാരം ധാരണപത്രത്തിന്റെ കരട് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തു. തുടർന്ന് സാക്ഷരതാമിഷനെ സ്പോൺസറായി രേഖപ്പെടുത്തി ശ്രീനാരായണഗുരു ഓപ്പൺയൂണിവേഴ്സിറ്റി മുഖേന രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുകയും 2025-2026 അധ്യായന വർഷത്തിലേക്ക് ഹയർസെക്കൻഡറി തുല്യതാവിദ്യാഭ്യാസം നേടി ഉപരിപഠനത്തിന് അർഹരായ 1240 പേർ പ്രവേശനം നേടുകയും ചെയ്തു.

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുല്യതാപഠിതാക്കളുടെ തുടർപഠനത്തിന് മികച്ച പിന്തുണയാണ് നൽകുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ, ആലപ്പുഴ, തിരുവനന്തപുരം ജില്ലാ പഞ്ചായത്തുകളടക്കം വിവിധ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി ബിരുദപഠനത്തിനാവശ്യമായ ഫീസ് സംസ്ഥാന സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്.

| ജില്ല | പഠിതാക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം കോർപ്പറേഷൻ | 430 ബിരുദ പഠിതാക്കൾ, 11 പി.ജി പഠിതാക്കൾ | 32,74,170 |
| തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 62 ബിരുദ പഠിതാക്കൾ | 4,58,180 |
| പാറശാല ഗ്രാമപഞ്ചായത്ത് | 10 പഠിതാക്കൾ | 73,900 |
| ആലപ്പുഴ ജില്ലാപഞ്ചായത്ത് | 204 പഠിതാക്കൾ | 15,07,560 |
| ഇടുക്കി - പെരുവനന്താനം ഗ്രാമപഞ്ചായത്ത് | 2 പഠിതാക്കൾ | 14,780 |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | 62 പഠിതാക്കൾ (2000 പഠിതാവിനും 3295 രൂപ വീതം) | 2,04,290 |
| കണ്ണൂർ - മട്ടന്നൂർ മുൻസിപ്പാലിറ്റി | 5 പഠിതാക്കൾ (ഓരോ പഠിതാവിനും 4000/-രൂപ വിതം | 20,000 |
| കണ്ണൂർ - തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 5 പഠിതാക്കൾ | 36,950 |

ബിരുദകോഴ്സുകളുടെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴ എസ്.ഡി കോളേജ് ഓഡിറ്റോറിയത്തിൽ ബഹു.ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതിവകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്തു. 80 വയസുകാരനായ ശ്രീ ഗോപിദാസിനെ ബിരുദപഠനത്തിന്റെ ബ്രാൻഡ് അമ്പാസിഡറായി തെരഞ്ഞെടുത്തത് ദേശീയ മാധ്യമങ്ങളിൽ ശ്രദ്ധേയമായി. പഠിതാക്കൾക്ക് ലേണിങ് സ്റ്റഡി സെന്ററുകളിൽ നൽകുന്ന കൗൺസിലിംഗ് ക്ലാസുകൾക്ക് പുറമേ സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ അധിക പഠന പിന്തുണ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ നടപ്പിലാക്കുന്നു. ഇതിനായി ഏഴ് ജില്ലകൾ വീതം ഉൾപ്പെടുന്ന രണ്ട് വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ഇംഗ്ലീഷ്, സോഷ്യോളജി, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ നൽകിവരുകയും ചെയ്യുന്നു. വീഡിയോ ക്ലാസുകളും നോട്ടുകളും പ്രത്യേകമായി നൽകുന്നു.

ആദ്യഘട്ടത്തിൽ ഫൈനൽസബ്മിഷൻ പൂർത്തിയാക്കുവാൻ കഴിയാത്ത പഠിതാക്കൾക്ക് 2026 ഫെബ്രുവരിയിൽ അഡ്മിഷൻ നടപടികൾ ആരംഭിച്ചു. ഹയർസെക്കൻഡറി തുല്യതാവിദ്യാഭ്യാസം നേടി ഉപരിപഠനത്തിന് അർഹരായ 250 പേർ ഇതിലൂടെ പ്രവേശനം

നേടുകയും ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ പ്രോജക്ടിൽ ഉൾപ്പെടുത്തി 58 പഠിതാക്കൾക്ക് ബിരുദപഠനത്തിന് അവസരം ഒരുക്കുകയും 4,28,620/- രൂപ സാക്ഷരതാമിഷന് കൈമാറുകയും ചെയ്തു. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സമ്പൂർണ ബിരുദ വിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് ഹയർസെക്കൻഡറി തുല്യതാപഠിതാക്കൾക്ക് അടുത്ത അധ്യായന വർഷത്തിലേക്ക് 35 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചു തുടങ്ങി.

തുല്യതാപഠിതാക്കളിൽ ഏറിയവരും മുതിർന്നവരും സാമ്പത്തികമായി പിന്നാക്കം നിൽകുന്നവരുമായതിനാൽ, നൈപുണിവിദ്യാഭ്യാസം ഭൂരിപക്ഷം പേർക്കും അനിവാര്യമാണ്. ഇവർക്ക് ബിരുദ വിദ്യാഭ്യാസത്തിന് പുറമേ ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ പഠിച്ച് ഒരു തൊഴിൽ നേടുക എന്നലക്ഷ്യം സാക്ഷരതാമിഷൻ മുന്നോട്ട് വെയ്ക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീനാരായണ ഗുരു ഓപ്പൺയൂണിവേഴ്സിറ്റിയും കേരള സംസ്ഥാന സാക്ഷരതാമിഷനും സംയുക്തമായി ഡിപ്ലോമകോഴ്സുകൾ ആരംഭിക്കുന്നതിന് ധാരണയായി. ഒന്നാംഘട്ടത്തിൽ അഞ്ച് കോഴ്സുകളാണ് ആരംഭിക്കുന്നത്.

1. പി.ജി ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ്

2. ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ്

3. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ടീച്ചേഴ്സ് ട്രെയിനിംഗ്

4. ഡിപ്ലോമ ഇൻ കോസ്മറ്റോളജി ആൻഡ് ബ്യൂട്ടികെയർ മാനേജ്മെന്റ്

5. ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ അസിസ്റ്റന്റ്

ഡിപ്ലോമ കോഴ്സുകളുടെ കരിക്കുലം സിലബസ് രൂപീകരണ ശിൽപശാല 2026 ജനുവരി 20 ചൊവ്വാഴ്ച സംസ്ഥാന സാക്ഷരതാമിഷൻ 'അക്ഷരം' ഹാളിൽ സാക്ഷരതാമിഷൻ ഡയറക്ടർ ശ്രീമതി എ.ജി. ഒലീനയുടെ അദ്ധ്യക്ഷത യിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ **ഡോ. വി. പി. ജഗതിരാജ്** നിർവഹിച്ചു. ഉദ്ഘാടനച്ചടങ്ങിന് ശേഷം വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ വിവിധ ഡിപ്ലോമ കോഴ്സുകളുടെ സിലബസി ന്റെയും കരിക്കുലത്തിന്റെയും പ്രാഥമിക രൂപരേഖ തയ്യാറാക്കി. 2026 ഏപ്രിൽ 16-ന് രണ്ടാംഘട്ട ശില്പശാല സംഘടിപ്പിക്കുകയും ഡിപ്ലോമ കോഴ്സുകളുടെ കരിക്കുലം സിലബസ് എന്നിവയുടെ കരട് തയ്യാറാക്കുകയുമുണ്ടായി.

പ്രസ്തുത കോഴ്സുകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകൾ എന്നിവയുമായി ചേർന്നാണ് നടപ്പിലാക്കുന്നത്. ഇതിനായി സാക്ഷരതാമിഷനും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും സംയുക്തമായി കമ്മ്യൂണിറ്റി ലേണിങ് സെന്ററുകൾ ആരംഭിക്കും. കോഴ്സിന്റെ നടത്തിപ്പ് കേരള സംസ്ഥാന സാക്ഷരതാമിഷനും പരീക്ഷ, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ശ്രീനാരായണഗുരു ഓപ്പൺ

യൂണിവേഴ്സിറ്റിക്കുമായിരിക്കും. ഇതിന്റെ ധാരണാപത്രം ബഹു. ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിന്റെ സാന്നിധ്യത്തിൽ 2026 ജനുവരി 12ന് ഒപ്പുവച്ചതോടെ വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവ്വമായ മാറ്റത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ഇതിലൂടെ കേരളം ലൈഫ് ലോങ് എജ്യൂക്കേഷനിലേക്കുള്ള (ആജീവന വിദ്യാഭ്യാസം) ആദ്യചുവടുവെയ്പ്പ് പൂർത്തിയാക്കിയിരിക്കുന്നു എന്നത് അനൗപചാരിക വിദ്യാഭ്യാസമേഖലയിലെ മികച്ച മുന്നേറ്റമാണ്.

## മലയാളശ്രീ - ഓറിയന്റൽ സ്കൂൾ ഭാഷാപഠന പദ്ധതി

മാതൃഭാഷാ പഠനത്തിന് അവസരം നിഷേധിക്കപ്പെട്ട ഓറിയന്റൽ സ്കൂൾ വിദ്യാർത്ഥികൾക്ക് മലയാള പഠനത്തിന് അവസരം ഒരുക്കുന്നു. ഓറിയന്റൽ സ്കൂളുകളിലെ 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് മലയാളഭാഷാ പഠനം നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കിവരുന്ന കോഴ്സാണ് **'മലയാളശ്രീ - ഓറിയന്റൽ സ്കൂൾ ഭാഷാ പഠന പദ്ധതി'**. 2026 ജനുവരി 7-ന് തിരുവനന്തപുരം ശിക്ഷക്സദനിൽ വച്ച് ഈ പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി നിർവഹിച്ചു.

എസ്.സി.ഇ.ആർ.ടി.യുടെ (SCERT) നേതൃത്വത്തിൽ, സാക്ഷരതാ മിഷന്റെ ഏഴാം തരം, പത്താം തരം തുല്യതാ കോഴ്സുകളിലെ മലയാളം പാഠപുസ്തകങ്ങൾ അനുരൂപീകരിച്ചാണ് ഓറിയന്റൽ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ഈ പാഠപുസ്തകങ്ങൾക്ക് എസ്.സി.ഇ.ആർ.ടി. കരിക്കുലം കമ്മിറ്റിയുടെ അംഗീകാരമുണ്ട്. പാഠപുസ്തകം അനുരൂപീകരിക്കുന്നതിനോടൊപ്പം അധ്യാപക സഹായിയും തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതിയുടെ പത്താം തരത്തിന്റെ നടത്തിപ്പ് ചുമതല സംസ്ഥാന സാക്ഷരതാ മിഷനും, പരീക്ഷാ നടത്തിപ്പിന്റെയും സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും ചുമതല പരീക്ഷാ ഭവനുമാണ്. ഓറിയന്റൽ സ്കൂളിൽ മുൻകാലങ്ങളിൽ പത്താംതരം വിജയിച്ച പഠിതാക്കൾക്ക് സാക്ഷരതാമിഷന്റെ 'പച്ചമലയാളം' കോഴ്സിൽ ചേർന്ന് ഭാഷാപഠനത്തിന് അവസരമൊരുക്കിയിട്ടുണ്ട്. മിഷന്റെ മലയാള പാഠാവലി ശിശുബോധനശാസ്ത്രത്തെ (Pedagogy) അടിസ്ഥാനപ്പെടുത്തിയാണ് അനുരൂപീകരിച്ച് പുറത്തിറക്കിയിട്ടുള്ളത്. മലയാളശ്രീ പദ്ധതിയിലൂടെ 2025-26 അധ്യയന വർഷത്തിൽ പത്താം തരത്തിലേക്ക് രജിസ്റ്റർ ചെയ്ത ആദ്യ ബാച്ചിന്റെ പൊതുപരീക്ഷ **2026 മെയ്** 11 ന് നടന്നു.

## കൂടെ (തുടർ പദ്ധതി)

സർക്കാർ-സർക്കാരിതര ചാരിറ്റബിൾ സ്ഥാപനങ്ങൾ, അനാഥാലയം, വൃദ്ധസദനം, വനിതാകേന്ദ്രങ്ങൾ, അമ്മവീട് തുടങ്ങിയ സ്ഥാപനങ്ങളിലെ പഠിക്കാൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി സാക്ഷരത, 4, 7 തുല്യതാ കോഴ്സുകളിൽ രജിസ്റ്റർ ചെയ്ത് തുടർപഠനം സാധ്യമാക്കുന്ന പദ്ധതി. നമ്മുടെ ജില്ലകളിൽ നിരവധി അനാഥാലയങ്ങൾ, വനിതാ കേന്ദ്രങ്ങൾ, സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ പരിചരിക്കു വാർദ്ധക്യ സ്ഥാപനങ്ങൾ

എന്നിവയുണ്ട്. ഈ സൗകര്യങ്ങളിൽ താമസിക്കുവന്നരിൽ പലർക്കും ഔപചാരിക വിദ്യാഭ്യാസത്തിനുള്ള അവസരം പരിമിതമാണ്. ഇത് അവരുടെ വ്യക്തിഗത വളർച്ചയ്ക്കും സാമ്പത്തിക സ്വാതന്ത്ര്യത്തിനും ഉള്ള സാധ്യതകളെ തടസ്സപ്പെടുത്തുന്നു. തുല്യതാ കോഴ്സ് പഠിക്കുന്നതിലൂടെ വിദ്യാഭ്യാസ വിടവ് നികത്താനും കൂടുതൽ സംതൃപ്തമായ ജീവിതം നയിക്കാനും ഈ വ്യക്തികളെ പ്രാപ്തരാക്കുന്നു.

**ഒപ്പം (തുടർപദ്ധതി)**

കേരളത്തിലെ ആദിവാസി ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മുഴുവൻ പ്രദേശങ്ങളിലും പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതി. കേരളത്തിലെ എല്ലാ ജില്ല കളിലെയും പട്ടികവർഗ്ഗ സമുദായങ്ങൾക്ക് ഡിജിറ്റൽ പഠനത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് വിദ്യാഭ്യാസം ലഭ്യമാക്കി അവരെ ശാക്തീകരിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. അവരുടെ സാംസ്കാരിക പൈതൃകത്തെ ബഹുമാനിക്കുന്നതിനും അവരുടെ പ്രത്യേക വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുള്ള ലക്ഷ്യത്തോടെ വികസിപ്പിച്ചിരിക്കുന്ന ഈ പദ്ധതിയിൽ നാല്, ഏഴ് തുടങ്ങിയ തുല്യതാ കോഴ്സുകളുടെ തുടർപഠനം സാധ്യമാക്കുന്നു. ഇതിലൂടെ, വിദ്യാഭ്യാസപരമായ അസമത്വങ്ങൾ കുറയ്ക്കാനും തൊഴിലവസരം വർധിപ്പിക്കാനും കേരളത്തിലെ പട്ടികവർഗ വ്യക്തികളുടെ മൊത്തത്തിലുള്ള ക്ഷേമം പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നു

# സംസ്ഥാന സാക്ഷരതാമിഷൻ 2025-26 ൽ സംഘടിപ്പിച്ച പരിപാടികൾ

- **മലയാളഭാഷാവാരാചരണം**

  2025 നവംബർ 11ന് സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസിൽ മലയാളഭാഷാവാരാചരണം സംഘടിപ്പിച്ചു. ചടങ്ങിന്റെ ഉദ്ഘാടനം പ്രശസ്ത എഴുത്തുകാരനും കേരള പബ്ലിക് സർവീസ് കമ്മീഷൻ ബോർഡ് മെമ്പറുമായ ഡോ. പ്രകാശൻ പി.പി. നിർവഹിച്ചു. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടർ ശ്രീമതി. ഒലീന എ ജി അധ്യക്ഷത വഹിച്ച ചടങ്ങിൽ മലയാള ഐക്യവേദി പ്രവർത്തകരും ഭാഷാഗവേഷകരുമായ രൂപിമ എസ്, ഡോ. അനൂപ് വി.പി. എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ഭരണഭാഷ മാതൃഭാഷ - പ്രയോഗവും സാധ്യതയും, ഭരണഭാഷ മാതൃഭാഷ - മലയാളത്തിന്റെ ചരിത്രവഴികൾ എന്നിവയായിരുന്നു വിഷയങ്ങൾ.

- **ലഹരി വിരുദ്ധ - സൈബർ സുരക്ഷാപരിപാടി**

  കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതിന്റെ മുപ്പത്തിനാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി, സംസ്ഥാന സാക്ഷരതാമിഷൻ 'അക്ഷരം' ഹാളിൽ ലഹരി വിരുദ്ധ, സൈബർ സുരക്ഷാപരിപാടി സംഘടിപ്പിച്ചു. വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ ജി എസ് പ്രദീപ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. **'സൈബർ ഹൈജീൻ'** എന്ന വിഷയത്തിൽ സൈബർ ഡോം സീനിയർ സിവിൽ പോലീസ് ഓഫീസർ ആനന്ദ് വി എസ് ക്ലാസ് എടുത്തു.

- **സാക്ഷരതാദിനാചരണം**

  2025 സെപ്റ്റംബർ 08 ലോകസാക്ഷരതാദിനാചരണത്തിന്റ ഭാഗമായി "സാക്ഷരത - ചരിത്രം - വർത്തമാനം" എന്ന പരിപാടി സംഘടിപ്പിച്ചു. 'സാക്ഷരത - ഇന്ന് ഇന്നലെ നാളെ' എന്ന വിഷയത്തിൽ ദേശീയ സാക്ഷരതാസമിതി അംഗം ശ്രീ കെ കെ കൃഷ്ണകുമാറും, 'ചരിത്ര സാക്ഷരത' എന്ന വിഷയത്തിൽ ചരിത്രകാരൻ പ്രൊഫ. വി കാർത്തികേയൻ നായരും, 'ദൃശ്യസാക്ഷരതയുടെ പ്രസക്തി' എന്ന വിഷയത്തിൽ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. കെ മധുപാലും പ്രഭാഷണം നടത്തി. പരിപാടിയിൽ പത്താംതരം തുല്യതാവിജയിയും ഹയർസെക്കന്ററി പഠിതാവുമായ അസം സ്വദേശി അഷാദുൾ ഹഖിനെ അനുമോദിച്ചു.

- **സംസ്ഥാന - ജില്ലാതല ഓഫീസ് ജീവനക്കാർക്കായി ദ്വദിന പരിശീലനം**

  2025 ഡിസംബർ 21,22 തീയതികളിലായി സംസ്ഥാന - ജില്ലാതല ഓഫീസ് ജീവനക്കാർക്കായി ദ്വദിന ഓഫീസ് മാനേജ്മെന്റ് പരിശീലനം സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസിൽ സംഘടിപ്പിച്ചു

- **വനിതാദിനാചരണം**

  സംസ്ഥാന സാക്ഷരതാമിഷൻ അക്ഷരം ഹാളിൽ 2026 മാർച്ച് 9 ന് ലോക വനിതാ ദിനാചരണം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ മാധ്യമ പ്രവർത്തക ശ്രീമതി. ആർ പാർവതീദേവി ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ മാർ ഇവാനിയോസ് കോളേജ് മലയാളം വിഭാഗം പ്രൊഫ. ഹീരാ.വി എസ് മുഖ്യാതിഥിയായി പങ്കെടുത്തു. 'ജനപക്ഷ വൈജ്ഞാനിക സമൂഹവും സ്ത്രീകളും' എന്ന വിഷയത്തിൽ ശ്രീമതി ആർ പാർവതീദേവി പ്രഭാഷണം നടത്തി സംസ്ഥാന ഓഫീസിൽ ലോക വനിതാദിനാചരണത്തിന്റെ ഭാഗമായി അക്ഷരം ഹാളിൽ വനിതാ ജീവനക്കാർക്കായി 'ജസ്റ്റ് എ മിനിറ്റ് ' എന്ന ഗെയിം സംഘടിപ്പിച്ചു

- **പരിസ്ഥിതി ദിനാചരണം**

  2025 ജൂൺ 5 ന് സംസ്ഥാന ഓഫീസിൽ നടന്ന പരിസ്ഥിതി ദിനാചരണം, ജി.എ.ഐ.എ ഏഷ്യാ പസഫിക് ക്യാമ്പയിനർ ഷിബു കെ.എൻ. വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് **'പ്ലാസ്റ്റിക് വിമുക്ത കേരളം'** എന്ന വിഷയത്തിൽ ക്ലാസും, പ്ലാസ്റ്റിക് ഉപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക - ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചയും നടന്നു. പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സ്ഥാപനങ്ങളുമായി സഹകരിച്ച് സാക്ഷരതാപഠിതാക്കൾക്കായി പരിസ്ഥിതി ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

# റിപ്പോർട്ടുകൾ, പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ

2025-26 കാലയളവിൽ സാക്ഷരതാമിഷൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ചുവടെ ചേർക്കുന്നു.

## പ്രസിദ്ധീകരണങ്ങൾ

- **അക്ഷരകൈരളി**

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ മുഖമാസികയായ **അക്ഷരകൈരളി** തുടർവിദ്യാഭ്യാസവാർത്താപത്രിക എന്ന നിലയിലാണ് പ്രസിദ്ധീകരിച്ച് തുടങ്ങിയത്. 1999 ഒക്ടോബർ രണ്ടിനാണ് ആദ്യലക്കം പ്രസിദ്ധീകരിച്ചത്. 2003 സെപ്തംബർ മുതലാണ് അക്ഷരകൈരളി എന്ന പേരിൽ രജിസ്ട്രേഷൻ നേടുന്നത്. ഇന്ത്യയിലെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഏറെ പ്രാധാന്യമുള്ള ഒരു പ്രസിദ്ധീകരണമാണ് **അക്ഷരകൈരളി**.

ഇന്ത്യയിൽ തന്നെ ആദ്യമായാണ് സാക്ഷരതാതുടർവിദ്യാഭ്യാസരംഗത്ത് ഇപ്രകാരം ഒരു പ്രസിദ്ധീകരണം തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്നത്. ഇതിനോടകം തന്നെ നവസാക്ഷരരുടെയും അനൗപചാരികവിദ്യാഭ്യാസം ലഭിക്കാൻ കഴിയാതെ പോയവരുടെയും ശബ്ദമായി മാറുന്നതിന് പ്രധാന പങ്കുവഹിച്ചുവരുന്നു. തുല്യതാ കോഴ്സുകളുടെയും ഇതര കോഴ്സുകളുടെയും പഠന പരീക്ഷാ സഹായി എന്ന നിലയിലും അക്ഷരകൈരളി സഹായകമാകുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ 'അക്ഷരകൈരളി'യുടെ 5,100 കോപ്പികൾ അച്ചടിച്ചിട്ടുണ്ട്

- **സാക്ഷരം വാർത്താപത്രിക**

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി സാക്ഷരം വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നത്.

- പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനൊപ്പം തദ്ദേശതലത്തിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു.
- 2025-26 സാമ്പത്തിക വർഷത്തിൽ സാക്ഷരം 1500 കോപ്പികൾ അച്ചടിച്ചിട്ടുണ്ട്

## പാഠപുസ്തകങ്ങൾ

- പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന്റെ അഡ്വാൻസ്ഡ് കോഴ്സ് പാഠപുസ്തകം 2025ൽ പ്രസിദ്ധീകരിച്ചു. അടിസ്ഥാനകോഴ്സ്, അഡ്വാൻസ്ഡ് കോഴ്സ് എന്നിവയുടെ പാഠപുസ്തകങ്ങളുടെ ഡിജിറ്റൽ പതിപ്പും ലഭ്യമാക്കിയിട്ടുണ്ട്.

- ഓറിയന്റൽ സ്കൂൾ 'മലയാളശ്രീ' പദ്ധതിയ്ക്കായുള്ള പുസ്തകങ്ങളുടെ ഉള്ളടക്കം 2025ൽ തയ്യാറാക്കുകയുണ്ടായി.

## വിവരാവകാശനിയമം 2005 - നടപ്പിലാക്കിയത്

നടപ്പ് സാമ്പത്തികവർഷത്തിൽ 2025 ജൂൺ 26 വരെ ശ്രീമതി. റഷീദ. എസും 2025 ജൂൺ 27 മുതൽ ശ്രീമതി. ഷജില എസും സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി പ്രവർത്തിച്ചു. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി 2025 മാർച്ച് 14 മുതൽ ശ്രീ.കെ.രത്നകുമാറും പ്രവർത്തിച്ചു വരുന്നു. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ശ്രീമതി ഒലീന എ. ജി വിവരാവകാശ നിയമപ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റിയായും റിപ്പോർട്ട് കാലയളവിൽ പ്രവർത്തിച്ചു

ജില്ലാ ഓഫീസുകളിൽ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. 2025-26 കാലയളവിൽ വിവരാവകാശ നിയമപ്രകാരം 29 അപേക്ഷകളും 17 അപ്പീൽ അപേക്ഷകളും ലഭിക്കുകയും അതിനുള്ള മറുപടി നിശ്ചിത സമയപരിധിക്കുള്ളിൽ നല്കുടകയും ചെയ്തിട്ടുണ്ട്.

# Expenditure Statement of Kerala State Literacy Mission Authority (KSLMA) 2025-26

| Sl No. | Component Name | Outlay Rs. Lakhs | Expenditure up to 31-03-2026 (Rs. in lakh) | Remarks |
|---|---|---|---|---|
| **SALARY HEAD** | | | | |
| I | Salary for office Administrative Staff of State and District Literacy Mission | 570 | 551.16803 | |
| **NON-SALARY HEAD** | | | | |
| II | Literacy, IV Equivalency and VII Equivalency (Ongoing Project) | 60 | 5.19956 | |
| III | **Project Expenses for the implementation of schemes** | | | |
| | a) Honorarium for Preraks/Asst. Preraks | 950 | 1343.0222 | |
| | b) Functioning of District Literacy Missions | 50 | 9 | |
| | c) Training of Preraks, Seminars and Workshops | 20 | 1.98965 | |
| | d) Office Working Fund | 25 | 18.37686 | |
| | e) Publication of News letters/Magazines of the Mission | 30 | 7.21944 | |
| | f) Continuing Education Art Festival | 5 | 0 | |
| IV | Speical Literacy/Equivalency Programme for Scheduled Caste - **Navachethana** (Ongoing Project) | 10 | 7.39086 | |
| V | Special Project for Continuing Education of Transgenders - **Samanwaya** (Ongoing Project) | 10 | 0 | |
| VI | Literacy Programme for Migrated Labourers - **Changathi** (Ongoing Project) | 45 | 5.30113 | |
| VII | Environment Literacy Programme (Ongoing Project) | 10 | 0 | |

| | | | | |
|---|---|---|---|---|
| VIII | Social Literacy Programme (Gender Literacy, Pouradhwani, Udayam) | 40 | 0 | |
| IX | Braille Literacy Programme | 15 | 11.04905 | |
| X | Cyber Literacy Programme (Financial Literacy & Legal Literacy) | 15 | 0 | |
| XI | Munnettam<br>(Project for Women Empowerment) | 20 | 0.04 | |
| XII | Oppam - Special Tribal Equivalency Programme | 60 | 0 | |
| XIII | Jail Jyothi - Literacy and Equivalency Programme | 10 | 0 | |
| XIV | Koode - Project to implement Equivalency Programmes for the People in different institutions like old age homes, orphanages, care centers etc. | 10 | 0 | |
| XV | Job Training | 15 | 0 | |
| XVI | Climate Literacy (New Project) | 20 | 0 | |
| XVII | Cultural Literacy | 15 | 0 | |
| XVI | Historical Literacy | 15 | 0 | |
| **Grand Total** | | **2020** | **1959.75678** | |